നമ്മുടെ ഭാഷയ്ക്ക് നമ്മുടെ ലിപി

രചന അക്ഷരവേദി

നമ്മുടെ ഭാഷയ്ക്ക് നമ്മുടെ ലിപി

രചന അക്ഷരവേദി

(മലയാളം: ലഘുലേഖ)

First published 1999

© 2020, Rachana Akshara Vedi

These electronic versions are released under the provisions of Creative Commons Attribution Non-commercial No-derives Share Alike license for free download and usage.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020. The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

Cover: Geometric wood pattern, wood work by Shanghai Performing Arts Center, Shanghai, China. The image is taken from Wikimedia Commons and is gratefully acknowledged.

Cartoons in this document were created by P. K. Mohamed Ashraf (Achukka), Ayyanthol.

Sayahna Foundation
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

ആമുഖം

1999 ജൂലൈ 7-നാണ് ഭാഷാചരിത്രത്തിലെ സുപ്രധാന സംഭവമായ രചനയുടെ സമ്മേളനം നടന്നത്. അന്നത്തെ വി. ജെ. ടി. ഹാളായിരുന്നു വേദി. രാവിലെ മുതൽ രാത്രി വൈകിവരെ നിറഞ്ഞ സദസ്സിലായിരുന്നു ചർച്ചകൾ അവതരിപ്പിച്ചത്. എം. ടി.-യും അഴീക്കോട് മാഷും വരാമെന്ന് ഏറ്റിരുന്നെങ്കിലും എത്താൻ കഴിഞ്ഞില്ല. പക്ഷെ അതൊന്നും സദസ്സിനെ നിരാശപ്പെടുത്തിയില്ല. വൈകുന്നേരം നടന്ന സമാപന സമ്മേളനത്തിൽ ഒ. എൻ .വി., സുഗതകുമാരി, അടൂർ ഗോപാലകൃഷ്ണൻ എന്നീ പ്രമുഖർ പങ്കെടുത്തു. പ്രൊഫസർ എസ്. ഗുപ്തൻ നായർ, പ്രൊഫസർ പന്മന രാമചന്ദ്രൻ, ഡോ. പുതുശ്ശേരി രാമചന്ദ്രൻ എന്നിവർ ഉടനീളം പങ്കാളികളായി. പ്രൊ. ലളിതാ ലെനിൻ, ടി. എൻ. ജോയി, ഡോ. ഹേമചന്ദ്രൻ, ഡോ. തുളസി എന്നീ സുഹൃത്തുക്കൾ പ്രധാന സംഘാടകരായിരുന്നു.

സമ്മേളനത്തിന് എട്ടൊമ്പത് മാസങ്ങങ്ങൾക്കു മുമ്പാണ് രചന അക്ഷരവേദിയുടെ ആശയം ഉരുത്തിരിയുന്നത്. അന്ന് കേരള യൂണിവേഴ്സിറ്റിയുടെ മലയാളം ലെക്സിക്കണിൽ സബ് എഡിറ്ററായിരുന്ന ആർ. ചിത്രജകുമാറിന്റെ ആശയവും നേതൃത്വവുമായിരുന്നു രചനയുടെ ജന്മത്തിനു കാരണം. സഹപ്രവർത്തകനായ എൻ. ഗംഗാധരൻ മലയാളത്തിന്റെ നഷ്ടപ്പെട്ട തനതുലിപി കണ്ടെടുക്കുന്നതിൽ ചിത്രജനു തുണയായി. ഫോണ്ടിന്റെ രൂപകല്പനയും പ്രോഗ്രാമിംഗും കേരള വനഗവേഷണ ഇൻസ്റ്റിറ്റ്യൂട്ടിലെ (KFRI, പീച്ചി) ലൈബ്രേറിയനായിരുന്ന കെ. എച്. ഹുസൈൻ ഏറ്റെടുത്തു. സഹപ്രവർത്തകൻ ആർട്ടിസ്റ്റ് ഫോട്ടോഗ്രാഫർ സുഭാഷ് കുര്യാക്കോസ് മലയാളം കാലിഗ്രഫിയുടെ അടിസ്ഥാനങ്ങൾ ഹുസൈന് വിശദീകരിച്ചു കൊടുത്തു. ആറു മാസങ്ങൾക്കു ശേഷം മറ്റൊരു സഹപ്രവർത്തകനായ ഡോ. വിജയകുമാരൻ നായർ രചന എഡിറ്റർ പ്രോഗ്രാമിനെ പുതുക്കി പണിയുന്നതിൽ പ്രധാന പങ്കുവഹിച്ചു. ഇതാണ് പിന്നീട് പത്തുപതിനഞ്ചു വർഷങ്ങളോളം (ഇപ്പോഴും!) പേജ്മേക്കറിൽ തനതു ലിപിയിൽ ടൈപ്പ്സെറ്റ് ചെയ്യാൻ ഉപയോഗിച്ചിരുന്നത്.

1997-ൽ കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഡയറക്ടർ ഡോ. തമ്പാന്റെയും ഭാഷാവിദഗ്ധനായ ഡോ. പ്രബോധചന്ദ്രൻ നായരുടേയും നേതൃത്വത്തിൽ രൂപംകൊണ്ട ‘മലയാളത്തനിമ’ എന്ന ലിപിപരിഷ്കരണ നിർദ്ദേശങ്ങൾ ചിത്രജകുമാറിനെ വല്ലാതെ പ്രകോപിപ്പിച്ചു. 1970-ൽ നടന്ന ലിപിപരിഷ്കാരത്തെ ഒന്നുകൂടി വെട്ടിമുറിക്കാനായിരുന്നു അവരുടെ ശ്രമം. ക്ര, ക്യ എന്നിവ ക്റ/ക്ര എന്നിങ്ങനെ മാറ്റാനായിരുന്നു പ്രധാന നിർദ്ദേശം—സ്വന്തം പേരു പോലും പ്റബോധചന്ദ്രൻ എന്നാക്കാൻ! 1999–2000 വർഷത്തെ ഒന്നാം പാഠപുസ്തകത്തിൽ ഈ പരിഷ്കാരം കൊണ്ടുവരാനുള്ള ഉദ്ദേശങ്ങളുമുണ്ടായിരുന്നു. എല്ലാം രചനയുടെ സമ്മേളനം തകിടം മറിച്ചു. ഈ പരിഷ്കാരത്തിന്റെ പരിഹാസ്യതകളും കെടുതികളും വിശദീകരിക്കാൻ അച്ചുക്ക (അഷ്റഫ്) വരച്ച അനേകം കാർട്ടൂണുകൾ സമ്മേളന ഹാളിനെ അലങ്കരിച്ചു.

രചനയുടെ ലഘുലേഖ എഡിറ്റു ചെയ്തത് സരോവരത്തിന്റെ എഡിറ്ററായിരുന്ന രഘുരാമനായിരുന്നു. രചനയുടെ വിജയം കാണാനായി അദ്ദേഹം ഇന്നില്ല. വലിയ സാമ്പത്തിക ഞെരുക്കത്തിൽ നിന്നുകൊണ്ടാണ് സമ്മേളനം ഒരുക്കിയത്. പ്രധാനമായും സഹായിച്ചത് ഖത്തറിലെ സുഹൃത്തുക്കളായിരുന്നു—പ്രവാസി എന്ന സംഘടനയുടെ ബാനറിൽ. മലയാളഭാഷയെ അട്ടിമറിക്കാനുള്ള വിദേശകരങ്ങളെക്കുറിച്ച് ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് സമ്മേളനം തകർക്കാനായി പ്രചാരണം അഴിച്ചുവിട്ടു. സമ്മേളനത്തിനായി കഷ്ടപ്പെട്ട് അച്ചടിച്ച് നഗരത്തിൽ പതിച്ച പോസ്റ്ററുകൾ അവർ വലിച്ചു കീറി.

സമ്മേളനം വമ്പിച്ച വിജയമായിരുന്നു. വലിയ വാർത്താ പ്രാധാന്യമാണ് അതിനു ലഭിച്ചത്. സമകാലിക മലയാളം വാരികയുടെ എഡിറ്റർ എസ്. ജയചന്ദ്രൻ നായർ എല്ലാ പിന്തുണയും നല്കി. അതിൽ മനോജ് പുതിയവിള എഴുതിയ ദീർഘമായ ലേഖനം രചനയുടെ വരവ് വിളിച്ചറിയിക്കുന്നതിൽ പ്രധാന പങ്ക് വഹിച്ചു. ഏഷ്യാനെറ്റിലെ പ്രചാരണത്തിനു ചുക്കാൻ പിടിച്ചത് പിന്നീട് രചനയുടെ മുന്നണിപ്പോരാളിയായി മാറിയ ഡോ. ടി. വി. സുനീതയായിരുന്നു.

“നമ്മുടെ ഭാഷയ്ക്ക് നമ്മുടെ ലിപി” — അതായിരുന്നു രചന സമ്മേളനത്തിന്റെ വിളംബര വാക്യം.

നമ്മുടെ ഭാഷയ്ക്ക് നമ്മുടെ ലിപി

രചന അക്ഷരവേദി[1]

നിത്യചൈതന്യയതി

മൗനത്തിനും ശബ്ദത്തിനുമിടയിൽ
വപുസ്സിനും വചസ്സിനുമിടയിൽ
ധ്യാനത്തിന്റെ സൗന്ദര്യം
ഭാഷയുടെ പ്രകാശം
— ലളിതാ ലെനിൻ

രചനയുടെ ലക്ഷ്യങ്ങളും അഭിലാഷങ്ങളും എഴുതി അറിയിച്ചപ്പോൾ, യതിയുടെ മറുപടി വൈകാതെയെത്തി.

> “എനിക്ക് എന്റെ ആത്മാവോളം പ്രിയങ്കരമായ ഒരു വിഷയത്തെപ്പറ്റിയാണ് സുഹൃത്തുക്കൾ എഴുതിയിരിക്കുന്നത്. ലോകഭാഷകളുടെ പരിണാമചരിത്രം നോക്കുകയാണെങ്കിൽ, സാംസ്കാരിക ചരിത്രത്തെക്കാൾ ഗഹനമായി മനുഷ്യമനസ്സിനെ വശത്താക്കാനും പരിണമിപ്പിക്കാനും ലിപികൾക്കു കഴിയുമെന്ന് എളുപ്പത്തിൽ കാണാം.
>
> പ്രിയസുഹൃത്തുക്കൾ ഈ വിഷയത്തിൽ എന്തെല്ലാം നന്മ കൈവരുത്തുവാൻ പോകുന്നുവോ അതിലൊക്കെ എനിക്കുകൂടി അവസരം തരിക.”

↑1. 1999 ജൂലൈ 7-ൽ കെ. ജി. രഘുരാമൻ (സരോവരം) എഡിറ്റു ചെയ്ത മുപ്പത്തിരണ്ടു പേജുള്ള ഈ ലഘുലേഖയാണ് രചന അക്ഷരവേദിയുടെ ലക്ഷ്യങ്ങളുടെയും അഭിപ്രായങ്ങളുടേയും പ്രകടന പത്രിക.

രചന അക്ഷരവേദി

മലയാളഭാഷയുടെ ലിപിപരിഷ്കരണവും മാനകീകരണവും ഇന്ന് വലിയ ചർച്ചാവിഷയമായിരിക്കുകയാണ്. മലയാളത്തെ ഭരണഭാഷയാക്കുക എന്ന ഉദ്ദേശ്യത്തോടെ മലയാളം ടൈപ്പ്റൈറ്റർ ആവിഷ്കരിച്ചപ്പോൾ അതിനുവേണ്ടി 1968ൽ ലിപിവിന്യാസത്തെ പരിഷ്കരിക്കുകയുണ്ടായി. കൂട്ടക്ഷരങ്ങളെ ചന്ദ്രക്കലയിട്ടു പിരിച്ചും പുതിയ സ്വരചിഹ്നങ്ങൾ ഉപയോഗിച്ചുമുള്ള ഈ വിന്യാസഘടന എഴുത്തിലും അച്ചടിയിലും വ്യാപകമായ അവ്യവസ്ഥയ്ക്കു വഴിയൊരുക്കി. ചതുരവടിവു മാറ്റി വട്ടവടിവു സ്വീകരിച്ചും ആവശ്യമായ എല്ലാ കൂട്ടക്ഷരങ്ങളും നിർമ്മിച്ചും സ്വരചിഹ്നങ്ങളെ സംബന്ധിച്ചു ദേശീയമായ കാഴ്ചപ്പാടു സ്വീകരിച്ചും, ബെഞ്ചമിൻ ബെയ്‌ലി നടത്തിയ ലിപിപരിഷ്കരണം അംഗീകരിക്കപ്പെടുകയും ഒരു നൂറ്റാണ്ട് നിലനില്ക്കുകയും ചെയ്തപ്പോൾ, പുതിയ പരിഷ്കാരം എതിർപ്പിനും അവ്യവസ്ഥയ്ക്കും കാരണമായി. ആദ്യത്തേത് ഭാഷയ്ക്കു വേണ്ടി യന്ത്രത്തെ ഉപയോഗിച്ചപ്പോൾ, രണ്ടാമത്തേത് യന്ത്രത്തിനു വേണ്ടി ഭാഷയെ വികലമാക്കിയതുകൊണ്ടാണ് ഇതു സംഭവിച്ചത്.

ഇന്ന് കമ്പ്യൂട്ടർ ഉപയോഗിച്ചുള്ള ടൈപ്പ്സെറ്റിങ് സാർവ്വത്രികമായതോടെ ലിപികളുടെയും ചിഹ്നങ്ങളുടെയും എണ്ണം ഒരു പ്രശ്നമല്ലാതായിക്കഴിഞ്ഞു. പക്ഷേ കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് മുൻകൈയെടുത്തു ഭാഷാമാനകീകരണത്തിന്റെ പേരിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പുതിയ ലിപിപരിഷ്കരണം ഭാഷയുടെ സ്വതസൗന്ദര്യങ്ങളെ ഹനിക്കുന്ന പരിഷ്കരണത്തിനു വേണ്ടിയുള്ള പരിഷ്കരണമാണ്. മിക്കവാറും കൂട്ടക്ഷരങ്ങളെ ചന്ദ്രക്കലയിട്ടു പിരിച്ചെഴുതിയും ര, റ എന്നിവയുടെ ചിഹ്നത്തെയും ഌ എന്ന അക്ഷരത്തെത്തന്നേയും ഉപേക്ഷിച്ചും നടത്താനുദ്ദേശിക്കുന്ന ഈ പരീക്ഷണം ഇതിനകം തന്നെ വളരെ വിവാദമായിക്കഴിഞ്ഞിരിക്കുന്നു.

വായനയ്ക്ക് ഇടർച്ച വരാത്തതും എളുപ്പം എഴുതാൻ കഴിയുന്നതും അച്ചടിയിൽ സ്ഥലസമയങ്ങൾ ലാഭിക്കുന്നതുമായ കൂട്ടക്ഷരങ്ങൾ മലയാളത്തിന്റെ സ്വത്തും അനുഗ്രഹവുമാണ്. നിയതമായ ചില വ്യവസ്ഥകളും രീതികളുമനുസരിച്ചു രൂപപ്പെടുന്ന കൂട്ടക്ഷരങ്ങൾ എഴുതിപ്പഠിക്കാൻ മലയാളിക്കു ബുദ്ധിമുട്ടാണെന്ന വാദം ചരിത്രത്തിനോ അനുഭവത്തിനോ നിരക്കുന്നതല്ല.

സ്വരചിഹ്നങ്ങളിൽ ഉ, ഊ, ഋ എന്നിവയ്ക്ക് പഴയ ലിപിയിലുണ്ടായിരുന്ന വ്യഞ്ജനത്തോടു ചേർന്ന രൂപങ്ങൾ തന്നെയാണ് എഴുത്തിനും അച്ചടിക്കും സൗകര്യമായിട്ടുള്ളത്. ഌ, ഺ എന്നിവപോലും അച്ചടിയിൽ ഇന്ന് വിഷമങ്ങൾ സൃഷ്ടിക്കാത്തതിനാൽ സ്വീകരിക്കാൻ വിഷമമില്ല.

ര, റ, ഋ എന്നിവയുടെ ചിഹ്നങ്ങൾ ഉപേക്ഷിച്ച് ക്‌റ്ത്‌റിമം, ശ്‌റീക്‌റ്ഷ്ണൻ, യേശുക്‌റിസ്തു, എന്നിങ്ങനെ എഴുതണമെന്ന പുതിയനിർദ്ദേശം മലയാളികളുടെ സംവേദനത്തിന് ഒട്ടും നിരക്കുന്നതല്ല.



ഒരു ഭാഷയുടെ എല്ലാ സാദ്ധ്യതകളെയും പ്രകാശിപ്പിക്കാൻ ഉതകുമ്പോഴാണ് അതിന്റെ ലിപിവ്യവസ്ഥ സമ്പൂർണ്ണമാകുന്നത്. നൂറ്റാണ്ടുകളിലൂടെ രൂപപ്പെട്ട മലയാളലിപിസമുച്ചയം ഈ നൂറ്റാണ്ടിലെത്തുമ്പോഴേക്കും കൂട്ടക്ഷരങ്ങൾക്കും സ്വരചിഹ്നങ്ങൾക്കും നിയതമായ വ്യവസ്ഥകളുണ്ടാക്കിക്കൊണ്ട് സംതൃപ്തമായ സ്വയംപര്യാപ്തത കൈവരിച്ചു. ഈ ലിപിവ്യവസ്ഥയെ സംരക്ഷിച്ച് എഴുത്തിലും അച്ചടിയിലും ഒരുപോലെ ഉപയോഗിക്കുകയാണ് ഇന്ന് ആവശ്യം. ഇതിന് സഹായകമായ സാങ്കേതികവിദ്യ ഇന്ന് ലഭ്യമാണ്.

ലിപിയെ സംബന്ധിച്ച സൗന്ദര്യബോധം എല്ലാ ജനതകൾക്കുമുണ്ടായിരുന്നു. ജ്യാമിതീയമായ ഒന്നല്ല ലിപിയുടെ സൗന്ദര്യം. അത് ഒരു സംസ്കാരചിഹ്നമാണ്. ചിലസ്വേച്ഛാധിപതികൾ പൊതുലിപി അടിച്ചേല്പിക്കാൻ നടത്തിയശ്രമങ്ങൾക്കു സാംസ്കാരികവും രാഷ്ട്രീയവുമായ വലിയ തിരിച്ചടികൾ ഉണ്ടായിട്ടുണ്ട്. ഭാഷയും എഴുത്തും ജനങ്ങളുടെ നിരന്തരോപയോഗത്തിലൂടെ രൂപപ്പെടുന്നതാണ്. അവയ്ക്ക് കാലാകാലങ്ങളിൽ കൃത്രിമമായ വ്യവസ്ഥകൾ അടിച്ചേല്പിക്കാൻ സാദ്ധ്യമല്ല.

മലയാളഭാഷയ്ക്കു സ്വന്തമായുള്ള എല്ലാ ലിപികളും വീണ്ടെടുത്തും സംരക്ഷിച്ചും കൊണ്ടാണ് രചന എന്ന പേരിൽ ഈ ലിപിസഞ്ചയം രൂപപ്പെടുത്തിയിരിക്കുന്നത്. അച്ചടിക്കാവശ്യമായ ലിപിരൂപമാതൃകകൾ കമ്പ്യൂട്ടറിലൂടെ പുനഃസൃഷ്ടിച്ചു മലയാളഭാഷയുടെ സമഗ്രമായ ലിപിസഞ്ചയം ഉൾക്കൊള്ളുന്ന സോഫ്റ്റ് വെയർ തയ്യാറായിക്കഴിഞ്ഞു.

ആർ. ചിത്രജകുമാർ, കെ. എച്ച്. ഹുസൈൻ, സുബാഷ് കുര്യാക്കോസ്, എൻ. ഗംഗാധരൻ എന്നിവർ ചേർന്നാണ് ഈ ലിപിസഞ്ചയത്തിനു രൂപം നല്കിയിരിക്കുന്നത്. ഈ സംരംഭത്തെ പരീക്ഷിച്ചു സ്വീകരിക്കാൻ ഞങ്ങൾ അഭ്യർത്ഥിക്കുന്നു.

രചനയുടെ പ്രവർത്തകർ

ആർ. ചിത്രജകുമാർ, എൻ. ഗംഗാധരൻ
(മലയാളം ലെക്സിക്കൺ വകുപ്പ്)

കെ. എച്ച്. ഹുസൈൻ, സുബാഷ് കുര്യാക്കോസ്
(കേരള വനഗവേഷണ ഇൻസ്റ്റിറ്റ്യൂട്ട്, പീച്ചി)[2]↓

↑2. കെ. എഫ്. ആർ. ഐ.-യിലെ സഹപ്രവർത്തകനായ ഡോ. വിജയകുമാരൻ നായർ വിദേശത്തു നിന്നും മടങ്ങിയെത്തിയതിനു ശേഷം രചനയുടെ ഡെവലപ്മെന്റിൽ പങ്കെടുത്തു.

മലയാളത്തിലെ ലിപി പരിഷ്കരണങ്ങൾ

— ആർ. ചിത്രജകുമാർ

ചിത്രജകുമാർ

മലയാളം ഭരണഭാഷയാക്കുന്നതിന്റെ ഭാഗമായി മലയാളം ടൈപ്പ്റൈറ്റർ ആവിഷ്കരിച്ചപ്പോൾ അതിന്റെ കീ ബോർഡിൽ ഉൾക്കൊള്ളിക്കാൻ വേണ്ടി 1968 ൽ ആണ് മലയാളലിപി പരിഷ്കരിച്ചത്. ആ പരിഷ്കരണത്തിന്റെ സ്വഭാവങ്ങൾ ഇവയാണ്.

അക്ഷരത്തോടു ചേർത്തു പ്രയോഗിക്കുന്ന സ്വരചിഹ്നങ്ങളെ പ്രത്യേകമാക്കി. ഉ, ഊ, ഋ എന്നീ സ്വരങ്ങളുടെ ചിഹ്നങ്ങൾ പുതുതായി ഉണ്ടാക്കി. ഉദാ:

കു → കു
തൂ → തൂ
വൃ → വൃ

ര, റ എന്നിവ അക്ഷരങ്ങളോടു ചേർത്തു കൂട്ടക്ഷരമുണ്ടാക്കുന്ന ചിഹ്നത്തെ പ്രത്യേകമാക്കി.

ക്ര → ക്ര

കൂട്ടക്ഷരങ്ങളെ ചന്ദ്രക്കലയിട്ടു പിരിച്ചെഴുതണമെന്നു നിർദ്ദേശിച്ചു.

ക്ത → ക്‌ത
ന്ഥ → ന്‌ഥ
ണ്ട → ണ്‌ട

ഇതിൽ ഇരട്ടിപ്പുവരുന്ന അക്ഷരങ്ങളെ മാത്രം (ഉദാ: ട്ട, പ്പ) ടൈപ്പ്റൈറ്റർ ഒഴിച്ചുള്ള അച്ചടിയിൽ ഒഴിവാക്കി.

പരിഷ്കരിച്ച ഈ ലിപിവ്യവസ്ഥ പാഠപുസ്തകങ്ങൾ വഴി പ്രചരിച്ചപ്പോൾ എഴുത്തിനും വിദ്യാർത്ഥികൾ അത് ഉപയോഗിച്ചു. അച്ചടിയിൽ പഴയതും, പുതിയതുമായ രണ്ടു ലിപികൾ ഉപയോഗിക്കാൻ തുടങ്ങി. ഉച്ചരിക്കുന്നതുപോലെ എഴുതുകയും എഴുതുമ്പോലെ അച്ചടിക്കുകയും ചെയ്യുന്ന വ്യവസ്ഥയുള്ള മലയാളത്തിൽ ഇതു വലിയ അവ്യവസ്ഥയ്ക്കു വഴിയൊരുക്കുകയും കൂട്ടക്ഷരങ്ങളെയും സ്വരചിഹ്നങ്ങളെയും കുറിച്ചു മലയാളികൾക്കു സ്വതഃസിദ്ധമായുണ്ടായിരുന്ന ബോധത്തെ നശിപ്പിക്കുകയും ചെയ്തു.

കമ്പ്യൂട്ടർ ഉപയോഗിച്ചുള്ള അച്ചടി നിലവിൽ വന്നതോടെ പ്രശ്നം ഒന്നുകൂടി സങ്കീർണ്ണമായി. കൂടുതൽ പ്രചാരമുള്ള കൂട്ടക്ഷരങ്ങൾ ഡിറ്റിപി പാക്കേജുകളിൽ പ്രത്യക്ഷപ്പെട്ടു. ഉദാ:

സ്ഥ, ക്ഷ, ന്ദ

വായനയ്ക്കുള്ള എളുപ്പം, സ്ഥലലാഭം, വടിവ് എന്നിവ പരിഗണിച്ച് പത്രങ്ങളും മുന്തിയ പ്രസാധകരും പരമാവധി കൂട്ടക്ഷരങ്ങൾ ഉൾക്കൊള്ളിക്കുന്ന പ്രവണത തന്നെ പരിഷ്കാരത്തിന്റെ അടിസ്ഥാനത്തെ ചോദ്യം ചെയ്യുന്ന ഒരു വസ്തുതയാണ്.



ഈ അവസരത്തിൽ മാനകീകരണത്തിന്റെ മറവിൽ കുറേക്കൂടി കൂട്ടക്ഷരങ്ങളെ വെട്ടിമുറിച്ചും പരശ്ശതം പദങ്ങളിൽ പ്രയോഗിക്കുന്ന 'ഋ' എന്ന അക്ഷരം ഉപേക്ഷിച്ചും ര, റ, ഋ എന്നിവയ്ക്കു് ഒരു ചിഹ്നം നിർദ്ദേശിച്ചും മറ്റും പ്രശ്നത്തെ കുറേക്കൂടി സങ്കീർണ്ണമാക്കുന്ന ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് കമ്മിറ്റി നിർദ്ദേശവും പുറത്തു വന്നിരിക്കുന്നു. ഉദാ:

ശ്രീകൃഷ്ണൻ → ശ്‌റീക്‌റ്‌ഷ്‌ ണൻ
കൃത്രിമം → ക്‌റ്‌ത്‌റിമം
ഉയർന്നു → ഉയർന്‌നു
നന്മ → നൻമ

കമ്പ്യൂട്ടറുകളുടെ വരവോടെ ടൈപ്റൈറ്റർ അപ്രസക്തമാകുകയും അച്ചുകളുടെ എണ്ണം ഒരു പ്രശ്നമല്ലാതാവുകയും ചെയ്തു ഇന്ന് ഈ ലിപി പരിഷ്കാരങ്ങൾക്കു യാതൊരു പ്രസക്തിയുമില്ലാതായിരിക്കുന്നു. ഇങ്ങനെ അക്ഷരങ്ങളെ പൊളിച്ചു കഷണിക്കുന്നതു ശരിയല്ല എന്നു ഞങ്ങൾ മനസ്സിലാക്കുന്നു. അതുപോലെ എഴുതാനും വായിക്കാനും ബുദ്ധിമുട്ടുണ്ടാക്കുന്ന പുതിയ സ്വരചിഹ്നങ്ങളും മലയാളിക്ക് പഥ്യമല്ല.

ഈ സാഹചര്യത്തിലാണ് 1968-നു മുമ്പു പ്രചാരത്തിലിരുന്ന മലയാള ലിപിസഞ്ചയം അതിന്റെ എല്ലാ പ്രയോഗ സാദ്ധ്യതകളോടും കൂടി കമ്പ്യൂട്ടറിലൂടെ പുനഃപ്രകാശിപ്പിക്കാനുള്ള യത്നം ഞങ്ങൾ ഏറ്റെടുത്തത്. 1968-നു മുമ്പു നിലവിലിരുന്നതും അച്ചടിയിൽ പ്രചാരം കുറഞ്ഞു പോയെങ്കിലും ബഹുഭൂരിപക്ഷം മലയാളികൾ എഴുതുന്നതുമായ എല്ലാ ചിഹ്നങ്ങളും കൂട്ടക്ഷരങ്ങളും ചേർന്നതാണ് ലിപിസഞ്ചയം. 'രചന' എന്നാണ് ഈ സംരംഭത്തിനു പേരു നല്കിയിരിക്കുന്നത്.

ഈ പുതിയ പ്രോഗ്രാം ഉപയോഗിച്ചു മലയാളം അച്ചടിക്കുമ്പോഴുണ്ടാകുന്ന ഗുണങ്ങൾ:

- സ്ഥലലാഭം. (ഉദാ: ഉ, ഊ, ഋ, ര, റ എന്നിവയുടെ ചിഹ്നങ്ങൾ അക്ഷരത്തോടു ചേർന്നു വരുന്നു. കൂട്ടക്ഷരങ്ങൾ പിരിച്ചെഴുതുന്നില്ല.)
- വായിക്കാനുള്ള സൗകര്യം. (പിരിച്ചെഴുതുമ്പോഴുണ്ടാകുന്ന ബുദ്ധിമുട്ട് ഒഴിവാക്കാം. ഉദാ: കാർത്സ്ന്യം — കാർത്‌സ്‌ന്യം)
- ലിപികളും ചിഹ്നങ്ങളും തിരിച്ചറിയാനുള്ള എളുപ്പം. (വിദ്യാർത്ഥികൾക്കും പ്രൂഫ് വായിക്കുന്നവർക്കുപോലും ്ര, ൃ, ു, ൂ എന്നിവ വിഷമമുണ്ടാക്കുന്നു.
- എഴുത്തിന്റെയും അച്ചടിയുടെയും സൗന്ദര്യം.
- നമ്മുടെ ലിപിവ്യവസ്ഥയിൽ ചിരപ്രതിഷ്ഠ നേടിയ ഏതു ലിപിരൂപവും ഈ സഞ്ചയത്തിലുണ്ട്. ഇഷ്ടാനുസരണം എടുത്ത് ഉപയോഗിക്കാം.

മറ്റു സവിശേഷതകൾ

- മലയാളത്തിൽ സാദ്ധ്യമാകുന്ന എല്ലാ കൂട്ടക്ഷരങ്ങളും ഉപയോഗിക്കുന്നു. ഉദാ:

  ക്ത, ത്സ്ന, സ്റ്റ, യ്ക്ക, ഞ്ച, ശ്ച, ക്ഷ്മ, ത്സ്ന

- ു (ഉ), ൂ (ഊ), ൃ (ഋ), ്ര (ര, റ), എന്നീ ചിഹ്നങ്ങൾക്കു പകരം അക്ഷരത്തോടുചേർന്ന ചിഹ്നങ്ങൾ ഉപയോഗിക്കുന്നു. ഉദാ:-

  കു, തു, മു
  കൂ, തൂ, മൂ
  കൃ, തൃ, മൃ
  ക്ര, ത്ര, മ്ര

- കൂട്ടക്ഷരങ്ങളോടു ചേർത്തും ഈ ചിഹ്നങ്ങൾ ഉപയോഗിക്കുന്നു. ഉദാ:

  ക്ഷു, സ്ഥൂ, സ്തൂ, ന്ത്രൂ

യന്ത്രത്തിനു വേണ്ടി ഭാഷയെ വികലമാക്കുകയല്ല, ഭാഷയ്ക്കു വേണ്ടി യന്ത്രത്തെ ഉപയോഗിക്കുകയാണ് വേണ്ടത് എന്ന കാഴ്ചപ്പാടാണ് ഞങ്ങൾക്കുള്ളത്. നൂറ്റാണ്ടുകളായി ഒരു ജനത വികസിപ്പിച്ചെടുത്ത ഭാഷയുടെ സ്വത്വസൗന്ദര്യങ്ങൾ യന്ത്രത്തിലൂടെ പുനഃസൃഷ്ടിക്കാനാണ് രചന ശ്രമിക്കുന്നത്.

മലയാളം ഡിറ്റിപി

— കെ. എച്ച്. ഹുസൈൻ[3]

ഹുസൈൻ

കമ്പ്യൂട്ടർ ഉപയോഗിച്ച് മലയാളം ടൈപ്പ്സെറ്റ് ചെയ്തുതുടങ്ങുന്നത് എൺപതുകളുടെ അവസാനത്തോടെയാണ്. Abacus/Vision എന്നീ പാക്കേജുകളാണ് ആദ്യം രംഗത്തു വന്നത്. IBM PC ഉപയോഗിച്ച് മലയാളം ഡിറ്റിപി പ്രചരിച്ചു തുടങ്ങിയത് Sonata യുടെ 'പ്രകാശക്' മാർക്കറ്റിൽ ഇറങ്ങിയതോടെയാണ്. അയ്യായിരത്തിലേറെ വരുന്ന കേരളത്തിലെ ഡിറ്റിപിക്കാർ ഉപയോഗിക്കാൻ ഇന്ന് പല പ്രോഗ്രാമുകളുമുണ്ട്. പൂന സിഡാക്ക് (CDAC, Pune)-ന്റെ ISM/GIST, ശ്രീലിപി, പത്രിക, ഇൻഡിക, ഉളിക മുതലായവയാണ്.

ഈ പാക്കേജുകളെല്ലാം രണ്ടു കാര്യങ്ങളാണു ചെയ്യുന്നത്. മലയാളത്തിൽ 1968-നു ശേഷം പ്രചരിച്ച, വെട്ടിച്ചുരുക്കപ്പെട്ട ലിപിയുടെ വ്യത്യസ്ത Typeface-കൾ ഉണ്ടാക്കുക; മലയാളത്തിൽ ടൈപ് ചെയ്യാൻ ഒരു ടെക്സ്റ്റ് എഡിറ്റർ തയ്യാറാക്കുക. ആദ്യകാലങ്ങളിൽ ടെക്സ്റ്റ് എഡിറ്റർ മറ്റു പ്രോഗ്രാമുകളിൽ നിന്നു വേറിട്ടു നില്ക്കുന്ന ഒന്നായിരുന്നു. എന്നാൽ ഇന്ന് അതു് മറ്റു പ്രോഗ്രാമുകളിൽ നേരിട്ടു ടെക്സ്റ്റ് കയറ്റത്തക്കവണ്ണം ഒരു background processor ആയി മാറിയിരിക്കുന്നു.

ലോകത്തിലെ ഒന്നാംകിട പ്രോഗ്രാമുകൾ ഉപയോഗിച്ചു തന്നെയാണ് ഇവിടെയുള്ളവരും ലേഔട്ട് ചെയ്യുന്നത്. PageMaker, Ventura, Quark Express, MS Publisher എന്നിവ ഈ ആവശ്യത്തിനായി ഉപയോഗിച്ചു വരുന്നു.

മലയാളത്തിന്റെ സമഗ്രമായ ലിപിസഞ്ചയം word processing/typesetting-ൽ കൊണ്ടു വരാൻ കഴിയും എന്ന് തെളിയിക്കുകയാണ് രചനയുടെ പ്രധാന ലക്ഷ്യം. മലയാളത്തിന്റെ ഓരോ കൂട്ടക്ഷരങ്ങളും ടൈപോഗ്രാഫിക്കലായി സ്വന്തമായി വ്യക്തിത്വങ്ങളുള്ള സ്വരൂപങ്ങളാണ്. ('ക', 'സ', എന്നിവ ഒന്നിനു താഴെ മറ്റൊന്ന് കൂട്ടിച്ചേർത്തല്ല 'ക്സ' ഉണ്ടാകുന്നതു്. 'ക്സ' യ്ക്കു സ്വന്തമായ രൂപഘടനയും weight, footing, composition, orthogonality, harmony എന്നിവയും ഉണ്ട്.) 900-ത്തോളം characters രചനയ്ക്കായി നിർമ്മിക്കേണ്ടി വന്നു.

രചനയുടെ ടെക്സ്റ്റ് എഡിറ്റർ മൈക്രോസോഫ്റ്റിന്റെ Word 97 ആണ്. ലോകത്ത് ഏറ്റവും കൂടുതൽ ആളുകൾ ഉപയോഗിക്കുന്ന word processor ആണിത്. Page layout-നുള്ള സൗകര്യവും ഇതിൽ ലഭ്യമാണ്. Word-ൽ അടിച്ചു കയറ്റുന്ന വാക്കുകൾ പിന്നീട് Page Maker, MS Publisher എന്നീ പ്രോഗ്രാമുകൾ ഉപയോഗിച്ച് കൂടുതൽ നന്നായി ടൈപ്പ്സെറ്റ് ചെയ്യാം.

ഭൂരിപക്ഷം ഡിറ്റിപിക്കാർ ഉപയോഗിക്കുന്ന phonetic keyboard ആണ് ചെറിയ വ്യത്യാസങ്ങളോടെ രചനയും സ്വീകരിച്ചിരിക്കുന്നതു്. മറ്റു പാക്കേജുകളിൽ നേരിട്ടു ലഭ്യമല്ലാത്ത 'ക്ക, ത്ത, ന്ന, പ്പ, ള്ള, ച്ച, ന്റ' മുതലായ കൂട്ടക്ഷരങ്ങൾ ഒറ്റ കീ-യിൽ നിബന്ധിച്ചിരിക്കുന്നു. ചില്ലക്ഷരങ്ങൾ കൂടുതൽ എളുപ്പത്തിൽ കീ ചെയ്യാം. കൂട്ടക്ഷരങ്ങളുണ്ടാക്കാൻ മറ്റു പാക്കേജുകൾ ഉപയോഗിക്കുന്ന link സമ്പ്രദായത്തിനു പകരം group എന്ന രീതി അവലംബിച്ചിരിക്കുന്നു: സ + ത + ്ര = സ്ത്ര എന്നതിനു പകരം [സതറ] = സ്ത്ര. ലളിതമായ ഈ ഫോർമുല ഉപയോഗിച്ച് എല്ലാ കൂട്ടക്ഷരങ്ങളും സ്വരവ്യഞ്ജനങ്ങളും സൃഷ്ടിച്ചെടുക്കാൻ കഴിയും. 'ു, ൂ, ൃ, ്ര' എന്നിവ അക്ഷരങ്ങളിൽ നിന്നു വേർപെട്ടു നില്ക്കുന്നില്ല. എത്ര സങ്കീർണ്ണമായ വാക്കുകളും രചനയിൽ സൃഷ്ടിയ്ക്കാം. ഉദാ: കാർത്സ്ന്യം, ജ്ഞാനദൃഷ്ടി, പാണ്ഡ്യൻ, ശത്രുഘ്നൻ, ശ്രീകൃഷ്ണൻ, മൃച്ഛകടികം, ഭർതൃമതി, യേശുക്രിസ്തു. കോളം സെറ്റ് ചെയ്യുമ്പോൾ automatic hypenation രചനയിൽ സാദ്ധ്യമാണ്.

Hand composing-ഉം ലെറ്റർ പ്രസ്സുകളും അച്ചടി രംഗത്തു നിന്ന് നിഷ്കാസിതമായിക്കൊണ്ടിരിക്കുകയാണ്. ഡിറ്റിപി-യും മിനി ഓഫ്സെറ്റും കേരളത്തിലെ ഗ്രാമങ്ങളിൽ പോലും ഇന്ന് ദൃശ്യമാണ്. കമ്പ്യൂട്ടർ ഉപയോഗിച്ചുള്ള ഡിറ്റിപി ടൈപ്പ്സെറ്റിംഗിലൂടെ മാത്രമേ ഇനി മലയാള അക്ഷരങ്ങൾ വാർന്നു വീഴുകയുള്ളൂ. അതിനാൽ മലയാള ഭാഷയുടെ ലിപിമാനകീകരണം ആവശ്യം അടിസ്ഥാനമാക്കേണ്ടത് നാലു കാര്യങ്ങളിലാണ്.

1) മലയാള ഭാഷയുടെ സമഗ്രമായ ലിപിസഞ്ചയം (character set) നിജപ്പെടുത്തൽ.
2) Character code-കളുടെ internal mapping ക്രമപ്പെടുത്തൽ.
3) Keyboard layout-ന്റെ standardisation.
4) Internet ഉപയോഗത്തിനായി മലയാള ലിപികളുടെ internationalisation.

വിസ്തൃതങ്ങളായ മാതൃഭാഷയുടെ ചിഹ്നങ്ങളെ പുനഃസൃഷ്ടിക്കുകയെന്നതു് രചനയുടെ പ്രഥമ ധർമ്മമായിരുന്നു. ഇനിയും ഒട്ടേറെ ലക്ഷ്യങ്ങൾ രചനയുടെ മുന്നിലുണ്ട്. വ്യത്യസ്തങ്ങളും മനോഹരങ്ങളുമായ typeface-കൾ നിർമ്മിക്കുക, മലയാള അക്ഷരങ്ങളുടെ frequency distribution-ന് അനുസൃതമായി keyboard layout ശാസ്ത്രീയമായി ചിട്ടപ്പെടുത്തുക, കൂട്ടക്ഷരങ്ങളുണ്ടാക്കുന്ന നിലവിലുള്ള രീതികളെ പരിഷ്കരിച്ച് data entry സമയം ഗണ്യമായി കുറയ്ക്കുക, automatic spell checking സാദ്ധ്യമാക്കുക, voice/optical character recognion-നു വേണ്ടിയുള്ള ശ്രമങ്ങൾക്കു തുടക്കമിടുക, database management സാദ്ധ്യമാക്കാൻ മലയാളത്തിന്റെ അകാരാദികൾക്കായി (sorting) algorithm-ങ്ങൾ കണ്ടുപിടിക്കുക എന്നിങ്ങനെ. രചനയുടെ ശ്രമങ്ങൾ അതർഹിക്കുന്ന ഗൗരവത്തോടെ സാക്ഷരകേരളം സ്വീകരിക്കും എന്ന ശുഭാപ്തിവിശ്വാസമാണ് ഞങ്ങൾക്കുള്ളത്.

യശഃശരീരനായ ഗുരു നിത്യചൈതന്യയതി തുടക്കം മുതലേ രചനയുടെ സഹയാത്രികനായിരുന്നു. സമഗ്രമായ ലിപിസഞ്ചയം ഉപയോഗപ്പെടുത്തി കമ്പ്യൂട്ടർ ടൈപ്പ്സെറ്റിംഗിലൂടെ അച്ചടിക്കുന്ന മലയാളത്തിലെ ആദ്യത്തെ ഗ്രന്ഥവും അദ്ദേഹത്തിന്റേതു തന്നെ—'തുമ്പപ്പൂ മുതൽ സൂര്യൻ വരെ.'

ഡിറ്റിപി പ്രചാരത്തിലായ കഴിഞ്ഞ ഒരു ദശകത്തിനിടയ്ക്കു് word processing-ലും ടൈപ്പുകളുടെ വ്യത്യസ്തതകളിലും മലയാളം ഒട്ടേറെ മുന്നോട്ടു പോയിരിക്കുന്നു. പക്ഷേ മലയാളം ഡിറ്റിപിയ്ക്കായി സോഫ്റ്റ്‌വെയർ ഉണ്ടാക്കുന്ന കാര്യത്തിൽ മലയാളികളുടെ സംഭാവന നാമമാത്രമാണ്. ഈയൊരവസ്ഥ മാറണം. സമഗ്രമായ ലിപിസഞ്ചയത്തിന്റെ കാലിഗ്രാഫിയും ടൈപോഗ്രാഫിയും മലയാളികളായ കലാകാരന്മാരും സാങ്കേതികവിദഗ്ധരും ഏറ്റെടുക്കണം. മലയാള അക്ഷരങ്ങളുടെ സൗന്ദര്യത്തിനു അനുഗുണമായ പുതിയ അനുവാതങ്ങളും വക്രങ്ങളും ഡിജിറ്റൽ ടൈപ്പോഗ്രാഫിയിൽ മലയാളി തന്നെ കണ്ടെത്തേണ്ടതുണ്ട്. മുദ്രണത്തിൽ മലയാളത്തിന്റെ യഥാർത്ഥ സൗന്ദര്യം ജനിക്കാനിരിക്കുന്നതേയുള്ളൂ.

↑3. 1999-ൽ വിജെടി ഹാളിൽ രചന അവതരിപ്പിക്കുമ്പോൾ പിന്നീട് പ്രചാരത്തിലായ 'രചന' എഡിറ്റർ ഉണ്ടായിരുന്നില്ല. കൂട്ടക്ഷരങ്ങളുണ്ടാക്കാൻ മൈക്രോസോഫ്റ്റ് വേഡ് ആണ് ഉപയോഗിച്ചത്. അതിന്റെ വിവരണമാണ് ഇതിലുള്ളത്. വിദേശത്തായിരുന്ന ഡോ. വിജയകുമാരൻ നായർ മടങ്ങിയെത്തിയതിനു ശേഷമാണ് പൂർണ്ണമായും ഇൻസ്ക്രിപ്റ്റ് കീബോർഡിനനുസൃതമായഎഡിറ്റർ പ്രോഗ്രാം ചെയ്യപ്പെടുന്നത്. അവസാനത്തെ ഭാഗമായ 'പുതിയ രചന' കാണുക.

‘സർക്കാരിനെക്കൊണ്ടു് നടപ്പിലാക്കാൻ’

— പന്മന രാമചന്ദ്രൻനായർ[4]



പന്മന

മലയാളഭാഷയുടെ കൈയെഴുത്തു രീതി എത്ര മനോഹരമായിരുന്നു! എന്താണ്ട് അതുതന്നെയായിരുന്നു അച്ചടിയിലെയും ലിപിവ്യവസ്ഥ.

ഏതു ഭാഷയിലും, ലിപിവ്യവസ്ഥ കൂടെക്കൂടെ പരിഷ്കരിച്ചുകൂടാ. എന്നാൽ, ടൈപ്പ്റൈറ്ററിനു സൗകര്യം കിട്ടുംവിധം ലിപി പരിഷ്കരിച്ചാൽ ആധുനിക ശാസ്ത്രോചിതമായ വമ്പിച്ച നേട്ടമാവും എന്ന ഹ്രസ്വവീക്ഷണം മലയാള ലിപിവ്യവസ്ഥയെ മുഴുവൻ താറുമാറാക്കി. അച്ചടിയിൽ ഇതെന്തിനു സ്വീകരിച്ചു? നൂറുപുറത്തിനു നൂറ്റിയേഴു പുറമെങ്കിലും ചെലവാക്കേണ്ടി വന്നില്ലേ? എഴുത്തുരീതി എന്തിനു മാറ്റി? ഇംഗ്ലീഷിലെ അച്ചടിയക്ഷരം പോലെ, കുട്ടികൾ രണ്ടു മൂന്നു വർഷം കഴിയുമ്പോൾ എഴുത്തിൽ നിന്നു പാടെ ഒഴിവാക്കേണ്ടിയിരുന്നതല്ലേ അച്ചടിലിപി? ഇംഗ്ലീഷിലെ എഴുത്തക്ഷരങ്ങളിലെപ്പോലെ പല അക്ഷരങ്ങൾ ചേർത്തെഴുതിക്കഴിഞ്ഞുമാത്രം പേന ഉയർത്തുന്ന രീതിയും പ്രയോഗിക്കാവുന്നതായിരുന്നില്ലേ നമ്മുടെ പഴയ കൈയ്യെഴുത്തു ലിപി. ആധാരമെഴുത്ത് ഏറ്റവും നല്ല ഉദാഹരണം. എന്നാൽ, ഇവിടെ സംഭവിച്ചതോ? ഉത്തരവാദിത്വമോ ദൂരവീക്ഷണമോ തീണ്ടിയിട്ടില്ലാത്ത വിദ്യാഭ്യാസാധികാരികളുടെ അശ്രദ്ധ മൂലം ഇന്ന് എം. എ. വിദ്യാർത്ഥികൾ പോലും ‘പുതിയ ലിപി’യിലാണ് എഴുതുന്നത്. പണ്ടത്തെക്കാൾ എത്രയോ ഏറെത്തവണ പേന ഉയർത്തുകയും താഴ്ത്തുകയും ചെയ്യാൻ വേണ്ടി എത്രയോ കൂടുതൽ സമയവും അദ്ധ്വാനവും വേണ്ടിവരുന്നു!

ഇപ്പോഴാകട്ടെ, അച്ചടി ഏറെയും കമ്പ്യൂട്ടറുപയോഗിച്ചാകയാൽ ചുരുക്കം ചിലതൊഴികെ എല്ലാ പഴയ ലിപികളും കിട്ടുന്നുണ്ട്. എന്നിട്ടും, ഇതൊന്നും അറിഞ്ഞിട്ടില്ലാത്ത ചിലർ ‘സർക്കാരിനെക്കൊണ്ടു നടപ്പിലാക്കാൻ’ എന്നു പ്രഖ്യാപിച്ചുകൊണ്ട് പേന പൊക്കലിന്റെയും താഴ്ത്തലിന്റെയും എണ്ണം ഇനിയും കൂട്ടാൻ മാത്രം പറ്റിയതും അച്ചടിക്ക് ഇനിയും കൂടുതൽ സ്ഥലം വേണ്ടിവരുന്നതുമായ പരിഹാസ്യ ലിപിനിർദ്ദേശങ്ങളുമായി പ്രത്യക്ഷപ്പെട്ടിരിക്കുന്നു!

ഈ അവസ്ഥയിലാണ് ഭാഷാസ്നേഹികളും സ്ഥിരോത്സാഹികളുമായ ചില യുവാക്കൾ തികഞ്ഞ ലക്ഷ്യബോധത്തോടെ രംഗത്തു വന്നിരിക്കുന്നത്. പരിഷ്കരണക്കാർ വരുത്തിവച്ച കുഴപ്പങ്ങളിൽ മിക്കതും പരിഹരിക്കാൻ പ്രയോജനപ്പെട്ട കമ്പ്യൂട്ടർ ഉപയോഗിച്ചു തന്നെ ബാക്കിയുള്ള പോരായ്മകളും മാറ്റിയെടുക്കാനാണ് അവരുടെ ശ്രമം. അവർക്ക് തികഞ്ഞ വിജയം നേടാൻ കഴിയട്ടെ!

---

[4]. മലയാളത്തിന്റെ സമഗ്രലിപിസഞ്ചയം അവതരിപ്പിച്ച രചന അക്ഷരവേദിയുടെ 1999ലെ സമ്മേളനത്തിന് ക്ഷണിക്കാനായി രചനയുടെ ഉപജ്ഞാതാവായ ആർ. ചിത്രജകുമാറുമൊത്ത് അദ്ദേഹത്തിന്റെ വസതിയിൽ ചെന്നതായിരുന്നു. ചിത്രജകുമാർ യൂണിവേഴ്സിറ്റി കോളേജിൽ മലയാളം വിദ്യാർത്ഥിയായിരുന്നു. വളരെ കാലത്തിനു ശേഷം പ്രിയവിദ്യാർത്ഥിയെ കണ്ടപ്പോൾ പ്രൊഫസർ പന്മന ഏറെ സന്തോഷിച്ചു. പഴയ ലിപിക്കു വേണ്ടിയാണ് ശിഷ്യൻ ഇറങ്ങിത്തിരിച്ചത് എന്നറിഞ്ഞപ്പോൾ സന്തോഷത്തിന് അതിരില്ലാതായി. ‘ലിപി പരിഷ്കരണം മലയാളിയുടെ മേൽ ഒരു അശനിപാതം പോലെ വന്നുപതിച്ചു’ എന്ന ചിത്രജന്റെ പ്രയോഗം അദ്ദേഹത്തെ ആവേശം കൊള്ളിച്ചു. “എന്ത്! അശനിപാതം!” സംസാരിച്ചു പിരിയും വരെ ഇടയ്ക്കിടെ അതാവർത്തിച്ച് അദ്ദേഹം ഞങ്ങളെ പ്രോത്സാഹിപ്പിച്ചുകൊണ്ടിരുന്നു.

പഴയ ലിപിക്കു വേണ്ടിയുള്ള അദ്ദേഹത്തിന്റെ ശബ്ദം പിന്നീട് പല വേദികളിലും മുഴങ്ങി. സഹപ്രവർത്തകരായിരുന്ന പല പ്രൊഫസർമാരും ഇക്കാര്യത്തിൽ അനുകൂലിച്ചാണെങ്കിലും സ്വരം താഴ്ത്തിപ്പറഞ്ഞപ്പോൾ അദ്ദേഹം പൊട്ടിത്തെറിക്കുന്നത് കാണാമായിരുന്നു. 2000-ൽ കേരള യൂണിവേഴ്സിറ്റി സെനറ്റ് ഹാളിൽ നടന്ന ഒരു സമ്മേളനത്തിൽ വേദിയിലിരിക്കുന്ന ഡോ. പ്രബോധചന്ദ്രൻ നായരോട് അദ്ദേഹം പരസ്യമായി കയർത്തു. മലയാള ലിപിയിലെ എണ്ണം വീണ്ടും വെട്ടിച്ചുരുക്കണമെന്ന പ്രബോധചന്ദ്രൻ നായരുടെ നിലപാടാണ് അദ്ദേഹത്തെ ചൊടിപ്പിച്ചത്. ലിപിയുടെ കാര്യത്തിൽ വ്യക്തിബന്ധങ്ങൾ അദ്ദേഹത്തിനൊരു പ്രശ്നമായിരുന്നില്ല.

പഴയ ലിപിയിൽ പഠിച്ചും എഴുതിയും തൊഴിലെടുത്തും ജീവിച്ചവരിൽ പ്രൊ. പന്മനയെപ്പോലെ ഭാഷയുടെ നട്ടെല്ലൊടിഞ്ഞതുകണ്ട് തീവ്രമായി ഖേദിച്ച മറ്റൊരാളില്ല. പരിഷ്കരിച്ച നാൾ മുതലേ അതിന്റെ അപകടം മനസ്സിലാക്കിയ പണ്ഡിതനാണദ്ദേഹം. വർഷങ്ങൾ കഴിഞ്ഞ് ദൂഷ്യഫലം പതുക്കെ തെളിഞ്ഞുവന്നപ്പോഴാണ് പല അക്കാദമീഷ്യന്മാരും പുതിയ ലിപിക്കെതിരെ രംഗത്തെത്തിയത്. പന്മനയുടെ ദീർഘദർശിത്വം ഭാഷയുടെയും സംസ്കാരത്തിന്റെയും അടിവേരുകളോട് എത്രമാത്രം ആത്മബന്ധം പുലർത്തുന്നുവെന്ന് അദ്ദേഹത്തിന്റെ നിലപാടിന്റെ കാർക്കശ്യതയും സ്ഥിരതയും വെളിപ്പെടുത്തുന്നു.

ലിപി കേവലം അച്ചടിക്കും കമ്പ്യൂട്ടറിനും വേണ്ടി മാത്രമല്ലെന്നും അത് എഴുത്തിനു കൂടിയുള്ളതാണെന്നും അദ്ദേഹം കൂടെക്കൂടെ ഞങ്ങളെ ഓർമ്മിപ്പിക്കുമായിരുന്നു. മലയാളഭാഷയുടെ വാമൊഴി-വരമൊഴി പാരസ്പര്യം അദ്ദേഹത്തിന്റെ ലിപിചിന്തകളുടെ അടിസ്ഥാനമാണ്. ഇടർച്ചയില്ലാത്ത എഴുത്തിന്റെ നൈരന്തര്യം അക്ഷരസാങ്കേതികത ഉൾക്കൊള്ളണമെന്ന തത്വം അങ്ങനെയാണുണ്ടാകുന്നത്. മറ്റൊരു പണ്ഡിതനും ഇത് സംസാരിച്ചു കേട്ടിട്ടില്ല.

പഴയ ലിപിയിൽ അച്ചടിച്ചാൽ സ്പേസ് കുറയുമെന്നും കടലാസ്സിന്റെ കുറവ് മരങ്ങളെ രക്ഷിക്കുമെന്നും അദ്ദേഹം കണ്ടെത്തിയിരുന്നു. അതിൽ നിന്നാണ് രചന ഒരു ഹരിത സാങ്കേതികതയാണെന്ന് ഞങ്ങൾ തിരിച്ചറിഞ്ഞത്.

എത്ര അന്യമാണ്, വിചിത്രമാണ്!

— എം.ടി. വാസുദേവൻ നായർ

എം. ടി.

ഇപ്പോൾ വീണ്ടും മലയാള ലിപിയിൽ ചില മാറ്റങ്ങൾ വരുത്താൻ പോകുന്ന എന്ന് കേൾക്കുന്നു. ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഒരു ലഘുലേഖ കണ്ടപ്പോൾ ഇതൊരു ഔദ്യോഗിക തീരുമാനമാണെന്ന് ഊഹിക്കേണ്ടി വന്നിരിക്കുന്നു. പുതിയ ലിപി എത്ര അന്യമാണ്, വിചിത്രമാണ് എന്ന് ആ ചെറു പ്രസിദ്ധീകരണം കണ്ടാൽ തന്നെ ബോദ്ധ്യമാവും.

പഴയ ലിപിയിലാണ് നമ്മുടെ പുസ്തകങ്ങളെല്ലാം. പുതിയ ലിപി ഇനി പഠിക്കുന്ന കുട്ടികളെ അടിച്ചേൽപ്പിച്ചാൽത്തന്നെ അവർക്കു പഴയ ലിപി വിടാൻ കഴിയില്ല. അപ്പോൾ രണ്ടും പഠിക്കേണ്ട ഭാരം നാമവർക്കു വച്ചു കൊടുക്കുന്നു.

ടൈപ്പ്റൈറ്ററിന്റെ കീബോർഡിൽ ഒതുങ്ങിക്കിട്ടാനാണ മുമ്പ് ചില പരിഷ്കാരങ്ങൾ വരുത്തിയത്. അതിലും 'ഭയങ്കര' പരിഷ്കാരങ്ങളാണ് ഇപ്പോൾ കാണുന്നത്. കമ്പ്യൂട്ടർ ടെക്നോളജി വളരെയേറെ വളർന്ന ഇക്കാലത്ത് പഴയ ലിപിയിൽ ഡിറ്റിപി ചെയ്യാൻ പ്രയാസമില്ലെന്ന് ഇതാ 'രചന' തെളിയിച്ചിരിക്കുന്നു. അതൊരു 'സോഫ്റ്റ്‌വെയർ' ആയി പ്രചരിപ്പിക്കാൻ പല കമ്പനികളും മുമ്പോട്ടു വരുമെന്നുള്ളത് ഉറപ്പാണ്. ഏഴായിരത്തിലധികം ക്യാരക്റ്ററുകളുള്ള ചൈനീസ് ഭാഷയും ജാപ്പാനീസ് ഭാഷയും കമ്പ്യൂട്ടർ വഴങ്ങിക്കഴിഞ്ഞു. വള്ളി പുള്ളി കൂട്ടക്ഷരമൊക്കെ ചേർത്ത് ആകെ അക്ഷരങ്ങൾ എണ്ണൂറിൽ ഒതുങ്ങുന്ന മലയാളത്തിനാണോ പിന്നെ പ്രയാസം?

ക്റാന്തദർശികളായ ശ്റീക്റ്ഷ്ണനും
ക്റ്സ്തും വ്റ്ഥാവിലാകും

ഒരു ഭാഷയെ കൊല്ലാനുള്ള എളുപ്പവഴി ലിപി മാറ്റമാണ്. കസാക്കിസ്ഥാന് സ്വന്തമായ ലിപിയുണ്ടായിരുന്നു. അതു മാറ്റി റഷ്യൻ ലിപി ആക്കിയപ്പോഴായിരുന്ന സോവിയറ്റ് യൂണിയനിൽ നിന്ന് വിട്ടുപോരാനുള്ള കലാപം ആരംഭിച്ചത്. കാരണങ്ങൾ വേറെയും ഉണ്ടായിരുന്ന പക്ഷേ ലിപി മാറ്റത്തിലൂടെ 'അബായി' യെപ്പോലുള്ള ദാർശനിക കവികളുടെ പാരമ്പര്യമുള്ള സ്വന്തം ഭാഷയെ കൊന്നതു കസാക്കിസ്ഥാൻ ജനതയ്ക്കു മറക്കാനാവുന്നില്ല. അവ വീണ്ടും അച്ചടിയിലെത്തിക്കാൻ അവർ ശ്രമവും തുടങ്ങി.

സ്വന്തം ഭാഷയിൽ നിന്ന് കുട്ടികൾ അകലുന്ന എന്നതു വേദനയോടെ പല വേദികളിലും നാം പറയുന്നു; ഭാഷ നഷ്ടമാവാതിരിക്കാൻ നാം പ്രാർത്ഥിക്കുന്നു. ഈയവസരത്തിൽ ഇത്തരമൊരു ലിപിമാറ്റം കൊണ്ട് ഭാഷയെ പതുക്കെപ്പതുക്കെ കൊല്ലാനാണോ ഭാവം?

പഴയ ലിപി കമ്പ്യൂട്ടറിന് വഴങ്ങിയില്ലെങ്കിൽ പരീക്ഷണങ്ങൾ നമുക്ക് മനസ്സിലാക്കാം. പഴയ ലിപിയിൽ പൂർണ്ണമായി ചെയ്ത പേജുകൾ എന്റെ മുമ്പിലുണ്ട്. ഇതു രണ്ടും വെച്ചു നോക്കുമ്പോൾ എന്തിനീ ക്രൂരമായ അതിസാഹസം എന്ന് ചോദിക്കാതെ വയ്യ.

മഹാഭാരഥ കഥ പുല്ലിംഗ സ്ത്റീലിംഗ സമ്മിശ്റ ഭാഷയിൽ അഥവാ നവീന ലിപിയിൽ

— വി. കെ. എൻ.[5]



വികെഎൻ

ധ്റ്തരാഷ്ട്റർ പറഞ്ഞു.

അങ്ങനെ വരില്ല. ഞാനും ദ്റോണനും ഭീഷ്മനും വിദുരനായി താങ്കളും മററ് അലവലാതികളും ഉള്ളപ്പോൾ എല്ലാം ശുഭമായേ പരിയവസാനിക്കൂ. വിദുർജി പോയ തറിയാതെ ഇന്ദ്റപ്റസ്ഥത്തിൽ ചെന്ന് പാണ്ഡവരേയും പാംചാലിയേയും കൂട്ടി വരിക.

വിദ്വാൻ പറഞ്ഞു.

ഞാൻ പോകാം. പക്ഷേ ധറ്മപുത്റർ ചീട്ടുകളിയിൽ അമ്പേ തോററ് തന്റെ സഹോദരങ്ങളേയും പാംചാലിയേയും പണയം വെച്ച് അന്യാധീനപെടുന്നതായി കാണുന്നു.

പിന്നെന്തു കാണുന്നു?

ദുശാസൻ പാംചാലിയെ വിവസ്ത്റയാക്കുന്നതും കാണുന്നു.

ധ്റ്തരാഷ്ട്റർ പറഞ്ഞു.

അതു നടപ്പില്ല. പാംചാലി ടെക്സ്റ്ററയിൽസ് എന്ന പേരിൽ ക്റ്ഷ്ണൻ ഒരു ജൗളിക്കട തുടങ്ങിയിട്ടുണ്ട്. ടിയാൻ കുഴൽ വഴി തുണിത്തരങ്ങൾ അയച്ച് പാംചാലിയെ രക്ഷിക്കും. എങ്കിലും താൻ ഝടുതി പോയി അവൻമാരേയും അവളേയും കൂട്ടി വാ.

ഇതിൻ പ്റകാരമായി കാലം ചെല്ലലുമ്പോൾ ദുരിയോധനവധം എന്ന് പേരായ ആട്ടക്കഥയിൽ:

ഭീംജി രൗദ്റഭീമന്റെ വേഷത്തിൽ വന്ന് ദുശാസനന്റെ വയറ് കീറി കുടൽമാലയെടുത്ത് രക്തരൂക്ഷിതമായ കൈകൾകൊണ്ട് പാംചാലിയുടെ മുടികെട്ടും. അന്നേരം പരിഷ്കാരി പുതിയ ലിപിയിൽ മുടിബോബ് ചെയ്ത് തുമ്പില്ലാതാക്കും. അപ്പോൾ 'ഫീമൻ' അവളെ തല്ലും. (അടിയുടെ കനം കുറക്കാൻ ക്റമേണ ഉച്ചാരണങ്ങളും പരീക്ഷിച്ച് കരിക്കണം. ഉടനടി ചിലതെങ്കിലും റകാരത്തിൽ പരിഷ്ക്കറിക്കണം.)



5. ഇതെഴുതി തരുമ്പോൾ 'പുതിയലിപി'യിൽ, കഴിയുന്നത്ര പ്രബോധചന്ദ്രൻ നായരുടെ 'മലയാളത്തനിമ'യിൽ ടൈപ്പ്സെറ്റ് ചെയ്യണമെന്ന് വി. കെ. എൻ. നിർദ്ദേശിച്ചു.

ലിപിയെത്തൊട്ടുകളിക്കുമ്പോൾ

— ഡോ. പുതുശ്ശേരി രാമചന്ദ്രൻ



പുതുശ്ശേരി

ഭാഷയിലെ വ്യവസ്ഥാപിത ശബ്ദങ്ങളായ സ്വനിമങ്ങളെ (Phonemes) അതേപടി ദൃശ്യരൂപമാക്കുന്ന ഒരു ലിപിവ്യവസ്ഥയാണ് ഇന്ത്യൻ ഭാഷകൾക്കുള്ളത്. ദക്ഷിണേന്ത്യയിൽ സംസ്കൃതഭാഷ എഴുതാൻ പല്ലവകാലഘട്ടത്തിൽ പ്രചാരം നേടിയ ഗ്രന്ഥലിപിയാണ് പിന്നീട് മലയാള ഭാഷയുടെ മാത്രം ലിപിയായി അംഗീകരിക്കപ്പെട്ടത്. ബ്രാഹ്മിയിൽ നിന്ന് 'ദമിനി' എന്ന തമിഴ് ബ്രാഹ്മിയിലേക്കും അവിടെ നിന്ന് വട്ടെഴുത്ത്, ഗ്രന്ഥം എന്നീ മാതൃകകളിലേക്കും വികസിച്ച തമിഴ് മലയാള ഭാഷകൾ എഴുതിവന്ന ലിപികൾ ചോളസാമ്രാജ്യം പ്രാബല്യത്തിലെത്തിയ പത്തും പതിനൊന്നും ശതകങ്ങളിൽ വീണ്ടും പരിണാമവിധേയമാവുകയുണ്ടായി. പാണ്ഡ്യരും ചോളരും മാത്രം ഉപയോഗിക്കുന്നതായി വട്ടെഴുത്ത്. ചോളർ തങ്ങളുടെ രാഷ്ട്രീയ വ്യക്തിത്വത്തിനനുസൃതമായി ലിപിയിലും കലാശൈലിയിലുമെല്ലാം മാറ്റങ്ങൾ വരുത്തിയപ്പോൾ ചോളനാട്ടിൽ തമിഴ് ലിപിയും ഗ്രന്ഥത്തമിഴും മാത്രം പ്രചാരത്തിലാവുകയും പാണ്ഡ്യ കേരള പ്രദേശങ്ങളിൽ മാത്രമായി വട്ടെഴുത്തും പല്ലവ ഗ്രന്ഥവും ഒതുങ്ങിക്കൂടുകയും ചെയ്തു. അങ്ങനെ കേരളം പിന്നീടു സംസ്കൃത സമ്പർക്കാധിക്യമുണ്ടായപ്പോൾ ഏതാണ്ട് 14-ാം ശതകത്തോടെ ഔദ്യോഗികമായിത്തന്നെ അന്നത്തെ ഗ്രന്ഥലിപിയെ ഇന്നത്തെ മലയാള ലിപിയായി അംഗീകരിക്കയായി. അന്നു മുതൽ ഈ ലിപികളിൽ തനതു കാലങ്ങളായി ചില്ലറ മാറ്റങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്നു. ചരിത്രം പരിശോധിക്കുമ്പോൾ വിപുലമായ ഒരു മാറ്റവും ഒറ്റയടിക്ക് സ്വീകാര്യമായിട്ടില്ല എന്നു കാണുന്നു.

അച്ചടി പ്രചാരത്തിൽ വന്നപ്പോൾ ആദ്യമായി മലയാള ലിപി കൊത്തിയുണ്ടാക്കിയ ഹോർത്തുസ് മലബാറിക്കസുകാരൻ ഒറ്റയൊറ്റ ലിപികളായല്ല വാക്കുകളായാണ് ചെടിയുടെ പേരുകൾ കൊത്തിയുണ്ടാക്കിയത്. സംക്ഷേപവേദാർത്ഥം അച്ചടിക്കുവാൻ വേണ്ടി 1772-ൽ റോമിലാണ് ഇന്നത്തെ മലയാള ലിപിയുടെ പൂർവ്വരൂപങ്ങൾ ഒരു അക്ഷരമാലയായി (alphabetum) വാർത്തെടുത്തു പ്രയോഗത്തിൽ കൊണ്ടുവന്നത്. ഏതാണ്ട് ചതുരശൈലിയിലുള്ള ആ ലിപിയെ ബെഞ്ചമിൻ ബെയ്‌ലിയുടെ കോട്ടയത്തെ അച്ചുകൂടം കുറേക്കൂടി ഉരുണ്ട രൂപത്തിലാക്കി. അതായത് പൂർവ്വരൂപത്തിലേക്ക് മലയാള ലിപി മടങ്ങിവന്നപ്പോൾ അതിനോടാണ് ജനത ആഭിമുഖ്യം പുലർത്തിയത്. ഗുണ്ടർട്ടിന്റേയും മറ്റും പത്രങ്ങളിൽ വന്ന ഭാഷയിൽ സംവൃതോകാരം കുറിക്കാൻ പ്രത്യേക ലിപിസംവിധാനമുണ്ടായിരുന്നില്ല. കേരള പാണിനി ഏ. ആർ. രാജരാജവർമ്മയാണ് ആദ്യമായി അര ഉകാരം കുറിക്കാൻ ഒരു ചന്ദ്രക്കല നിർദ്ദേശിച്ചത്. അന്ന് ആ മാറ്റം പോലും ഉൾക്കൊള്ളാൻ കേരളത്തിലെ അച്ചുകൂടങ്ങൾ മടിച്ചു നിന്നു. കണ്ടത്തിൽ വറുഗീസു മാപ്പിളയാണ് മലയാള മനോരമയിൽക്കൂടി അതു പ്രയോഗികമാക്കിയത്. കുറേക്കാലത്തേക്ക് വടക്കൻ പത്രങ്ങൾ ഒന്നും ഈ മാറ്റം ഉൾക്കൊള്ളാതെ പകച്ചു നിന്നുവെങ്കിലും ഭാഷാപോഷിണി സഭയും അതിലൂടെ നടന്ന ആരോഗ്യകരമായ ചർച്ചകളും തത്തുകാരത്തിന് അർദ്ധചന്ദ്രക്കല അച്ചടിയിലുടനീളം സ്വീകാര്യമാക്കിത്തീർത്തു.



ലിപിയുടെ മേലുള്ള ഏതു പരിഷ്കരണങ്ങളും ഒരു ജനതയുടെ സാംസ്കാരിക ധാരണകളിന്മേലുള്ള പൊളിച്ചെഴുത്താണെന്ന ബോധം പരിഷ്കരിക്കാൻ മുതിരുന്നവർ മറക്കരുത്. ഇൻഫർമേഷൻ ടെക്നോളജിയുടെ അസാധാരമായ വികാസമുളവാക്കുന്ന ആധുനിക കാലസന്ദർഭത്തിൽ എല്ലാ ഭാഷകളും ലിപിവിന്യാസത്തിൽ പുതിയ മാറ്റങ്ങൾ മിതമായ വിധം സ്വീകരിച്ചു വരികയാണ്. മലയാളത്തിനും ആ മാറ്റങ്ങളിൽ നിന്നും തികച്ചും മാറിനിൽക്കാനാവില്ല. പക്ഷേ ഏതളവിൽ എങ്ങനെ മാറ്റങ്ങൾ പരിമിതമാക്കാമെന്ന കാര്യത്തിൽ എടുത്തുചാട്ടങ്ങൾക്കു സ്ഥാനമില്ല. കൂലങ്കഷമായ ചിന്തയും ചർച്ചയും പ്രായോഗികബുദ്ധിയും ഒരുമിപ്പിച്ച് നിർവ്വഹിക്കേണ്ട ഒന്നാണ് ലിപിപരിഷ്കാരം. അതിനു സാംസ്കാരിക വൈദഗ്ദ്ധ്യം നേടിയവരും ഭാഷാപണ്ഡിതന്മാരും മാധ്യമപ്രവർത്തകരും സാധാരണ ഉപഭോക്താക്കളും ഒരുമിച്ചുകൂടിയിരുന്ന് തീരുമാനിക്കുകയാണ് യുക്തം; പ്രായോഗികം.

ലിപിയുടെ എണ്ണം കുറച്ച് പരിഷ്കാരം നടപ്പിലാക്കാനാണെങ്കിൽ തമിഴ് പുലവർ കൊണ്ടുവന്ന പതിനെട്ടു മെയ്യും പന്ത്രണ്ടുയിരും ചേർന്ന മുപ്പതു ലിപികളുള്ള വീണ്ടും വെട്ടിച്ചുരുക്കിയ പുതിയൊരു ലിപിമാല ഞാനുണ്ടാക്കിത്തരാം. സ്വരദൈർഘ്യത്തിനു പകരം ചില കുത്തുകളിട്ടു കാണിക്കാം. പക്ഷേ എണ്ണം വർദ്ധിപ്പിക്കുകയാണ് പരിഷ്കരണങ്ങൾ കൊണ്ടുണ്ടാവേണ്ടത്. ലിപിയെ തൊട്ടുകളിക്കുമ്പോൾ ചിരപുരാതനമായ ഒരു സാംസ്കാരത്തെയാണ് തൊടുന്നതെന്ന വസ്തുത വിസ്മരിക്കരുത്.

മലയാള മുദ്രണം

— കെ. എം. ഗോവി



കെ. എം. ഗോവി

അച്ചടി മേഖലയിൽ നിന്ന ‘ലോഹം’ ക്രമേണ പിന്മാറുകയാണ് അച്ചുകൾ വാർത്തു നിരത്തുന്ന കാലം അവസാനിച്ചു. കമ്പ്യൂട്ടറവലംബിത സെറ്റിങ് സാധാരണയായിരിക്കുന്നു; ഡെസ്ക്ക്ടോപ്പ് പാക്കേജുകളും. ഇപ്പോളിതാ ‘രചന’ പുതിയൊരു ശ്രേണി ലിപി സൃഷ്ടിച്ചിരിക്കുന്നു.

രചനയിൽ അച്ചടിച്ച സാമ്പിൾ പേജുകൾ കണ്ടപ്പോൾ നമ്മുടെ ലിപി ചരിത്രത്തിലെ നാഴികക്കല്ലുകൾ ഓർത്തുപോയി. ക്ലമന്റ് പാതിരി (1731–82) ‘സംക്ഷേപവേദാർത്ഥം’ അച്ചടിക്കുമ്പോൾ (1772) ആദ്യത്തെ മലയാള അച്ചുകൾ റോമിൽ പിറന്നുവീണു; കുടുംബത്തിൽ 1128 അംഗങ്ങൾ തത്കാലീന രേഖകളിലെ ‘ചതുരവടിവ്’ ആണ് റോമാക്കാർ അച്ചിനു സ്വീകരിച്ചത്. മലയാള നാട്ടിൽ അച്ചടി പ്രചരിക്കാത്തതുകൊണ്ട് രണ്ടു മൂന്നു കൃതികളെ ‘റോമൻ’ അച്ചുകളും അവയുടെ മാതൃകയിൽ ബോംബെയിൽ കൊത്തിയുണ്ടാക്കിയ 1799 ലിപികളും ഉപയോഗിച്ചു മുദ്രണം ചെയ്തിട്ടുള്ളു. എന്നാൽ കോട്ടയത്ത് അച്ചടി വേരൂന്നിയപ്പോൾ (1822–24) ബഞ്ചമിൻ ബെയ്‌ലി നിർമ്മിച്ച വട്ടവടിവിലുള്ള ലിപിസമുച്ചയം 14 ദശകങ്ങളോളമുള്ള നമ്മുടെ മുദ്രിത സമ്പത്ത് കെട്ടിപ്പടുക്കുവാൻ ഉപയോഗിച്ചു. ചില്ലറ മാറ്റങ്ങളോടെ. ബെയ്‌ലി അച്ചുകളുടെ എണ്ണം അഞ്ഞൂറോളമാക്കിയിരുന്നു.

ബെയ്‌ലിക്കു ശേഷം കൈരളി ദർശിച്ച പ്രധാന ലിപി പരിഷ്കരണം 1967-ൽ ടൈപ്പ്റൈറ്ററിന്റെ കീബോർഡ് തരപ്പെടുത്താനുള്ള ശ്രമത്തിന്റെ ഭാഗമായാണ്. ഈ ആവശ്യത്തിന് അച്ചുകളുടെ എണ്ണം കുറയ്ക്കണം. സംഖ്യ തൊണ്ണൂറ്റിൽ ചില്വാനമായി. സാങ്കേതിക നേട്ടം തന്നെ. പുതിയ അച്ചടി എത്ര ശതമാനം കൂടുതൽ കടലാസ് വിനിയോഗിക്കുമെന്ന് ആരും ഗൗരവമായി കണക്കാക്കിയില്ല. ലിപി പ്രചരിച്ചു. എന്നാൽ കൂട്ടക്ഷരങ്ങളുടെ നിഷ്കാസവും, ചില പുതിയ അച്ചുകളുടെ ു, ൂ, ്യ, ്ര പ്രയോഗവും ആഹ്ലാദത്തോടെയല്ല ഭാഷ സ്വീകരിച്ചത്. ലിപി രൂപകല്പന ചെയ്യുന്നതിൽ വേണ്ടത്ര സൗന്ദര്യ ബോധമില്ലെന്നും പരാതിയുണ്ടായി. മുപ്പതു വർഷങ്ങൾക്കു ശേഷം ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് നടപ്പാക്കാൻ നോക്കുന്ന പരിഷ്കാരവും സ്വീകാര്യമല്ലെന്നു പത്രപംക്തികളിലെ പ്രതികരണങ്ങൾ വിളിച്ചോതുന്നു. നൂറ്റാണ്ടുകളായി എഴുത്തിലും അച്ചടിയിലും ഉപയോഗിച്ചു വരുന്ന സംയുക്ത വ്യഞ്ജനങ്ങളിലെ ഘടകങ്ങളെ അനാവശ്യമായി വേർതിരിക്കുന്നതും അതുവഴി ഉച്ചാരണ വൈകല്യങ്ങൾ സൃഷ്ടിക്കുന്നതും പൊതുവിൽ അംഗീകരിക്കപ്പെടുന്നില്ല.

രൂക്ഷമെന്നു വിശേഷിപ്പിക്കാവുന്ന വിവാദം നടക്കുന്ന വേളയിലാണ് ഭാഷയുടെ പരിഗണനയ്ക്ക് ‘രചന’ സമർപ്പിക്കപ്പെട്ടിട്ടുള്ളത്. ഡിജിറ്റൽ സാങ്കേതികവിദ്യ ഭാഷയ്ക്കു വേണ്ടി ചൂഷണം ചെയ്യാൻ ചില ഭാഷാസ്നേഹികൾ ഒരുങ്ങിയല്ലോ. രചന മാറ്റത്തിനു വേണ്ടി മാറ്റമോ പരിഷ്കാരമോ നിർദ്ദേശിക്കുന്നില്ല; നവതത്വങ്ങൾ അവതരിപ്പിക്കുന്നുമില്ല. എന്നാൽ ലിപിയുടെ എണ്ണം കുറയ്ക്കുക എന്ന പഴയ സിദ്ധാന്തം തിരസ്കരിക്കുന്നു (ഫോട്ടോ കമ്പോസിങ് ലിപിയെക്കുറിച്ചുള്ള പഴയ സങ്കല്പങ്ങൾ അട്ടിമറിച്ചുവെന്നു ഓർക്കുക). അതിലൂടെ ചോർന്നു പോയ ലിപി സൗന്ദര്യത്തെയും സൗകുമാര്യത്തെയും വീണ്ടെടുക്കാൻ ശ്രമിക്കുന്നു. ചിരപരിചിതവും, നൂറ്റാണ്ടിലേറെക്കാലം അനുസ്യൂതമായി അച്ചടിയിലും എഴുത്തിലും ഉപയോഗിച്ചു പോരുന്ന കൂട്ടക്ഷരങ്ങളും വ്യഞ്ജനത്തോടു ഘടിപ്പിച്ചിരിക്കുന്ന സ്വരചിഹ്നങ്ങളും (കു, കൃ) നിലനിർത്തുന്നുണ്ട് രചന. വരികൾക്കിടയിലെ അകലം പ്രകടമല്ലതാനും. അതായത് അച്ചടിയിൽ സ്ഥലവും സമയവും നഷ്ടമാകുന്നില്ല. അച്ചുകൾ മനോഹരമാണെന്നും പറയാം. രചന സ്വാഗതാർഹമായ പരീക്ഷണമാണ്, പരീക്ഷിക്കേണ്ട പദ്ധതിയുമാണ്. പ്രസാധകരുടെയും എഴുത്തുകാരുടെയും പിന്തുണ രചന എന്തുകൊണ്ടും അർഹിക്കുന്നു.

അച്ചുക്കൂടക്കാർക്കുവേണ്ടി

— സഞ്ജയൻ, 1938

ഇല്ല, എന്റെ തലയ്ക്ക് യാതൊന്നും പറ്റീട്ടില്ല തന്നെ. തിരുവിതാംകൂറിലെ ഏതാനും യുവ ഭാഷാ പരിഷ്കാരികൾ വിചാരിച്ച ദിക്കിൽ അവർ കാര്യമെത്തിക്കുകയാണെങ്കിൽ, കെട്ടും കുടുക്കുമൊക്കെ അഴിഞ്ഞ് ചേരപ്പാമ്പിനെപ്പോലെ നീണ്ട്, ഇഴഞ്ഞു പോകാനിടയുള്ള മലയാള ലിപി വിന്യാസത്തിന്റെ സാമ്പിളാണ് മീതെ ചേർത്തിരിക്കുന്നത്.

ഇയ്യിടെ തിരുവിതാംകൂർക്കാരനായ മേപ്പടി ക്ലാസ്സിൽപ്പെട്ട ഒരു പരിഷ്കരണേച്ഛു തനിക്കയച്ച ഒരെഴുത്ത് എന്റെ ഒരു സുഹൃത്ത് എന്നെ കാണിച്ചു. ‘പ്റതിഫലത്തിന്റെ കാര്യത്തില് താങ്കള്ക്കിഷ്ടമെങ്ങനെയോ അങ്ങനെ ചെയ്യുന്നത് എനിക്കു സമ്മതമാണെന്ന് പറയേണ്ടതില്ലല്ലോ’ ഇതായിരുന്നു എനിക്കിപ്പോഴും ഓർമ്മയുള്ള ഒരു വാചകം.

ഇതിന്റെ ആവശ്യമോ? ഞാനാദ്യമേ തലക്കെട്ടുകൊണ്ടു തന്നെ സൂചിപ്പിച്ചില്ലേ? അതുതന്നെ. അച്ചുക്കൂടക്കാരുടെ സൗകര്യം പ്റമാണിച്ചുള്ള ഒരു ഏറ്പ്പാടാണിത്! കൂട്ടക്ഷരങ്ങളില്ലാതെ കഴിക്കാം. ഒരു പക്ഷേ എഴുത്തു പഠിക്കുന്ന കുട്ടികളുടെ സൗകര്യത്തേയും മേപ്പടി പരിഷ്കരണേച്ഛുക്കൾ ആലോചിച്ചിരിക്കാം. പക്ഷേ അതിൽ പുത്തനായൊന്നുമില്ല. ഭാഷാസംബന്ധമായ ഈ കണ്ടുപിടുത്തത്തിന് കേരളക്കരയിലാർക്കും യാതൊരു സമ്മാനവും കിട്ടാനർഹതയില്ല. ആ അവകാശം നമ്മുടെ അയൽനാട്ടുകാരനായ കൊങ്ങൻ പണ്ടേ കൊണ്ടുപോയിരിക്കുന്നു. അത് അച്ചടിയേർപ്പാട് ഇന്ത്യയിൽ എത്തുന്നതിന് എത്രയോ നൂറ്റാണ്ടുകൾക്കു മുമ്പായിരുന്നു താനും. ‘ചുപ്പിരമണിയ ചുവാമിചകായം കാപ്പികിലപ്പു’ കൂട്ടക്ഷരങ്ങളോടുള്ള തമിഴിന്റെ വിപ്രതിപത്തി മാത്രമല്ല സൂചിപ്പിക്കുന്നത്. സംസ്കൃതത്തിലെ ഖരവ്യഞ്ജനങ്ങളും മൃദുവ്യഞ്ജനങ്ങളും രണ്ടും അവന് കണ്ടുകൂടാ! ഖ–ഛ–ഠ–ഥ–ഫ-യോ, ഗ–ജ–ഡ–ദ–ബ-യോ ആ വഴുവഴുപ്പൻ ഭാഷയിയില്ലെന്നർത്ഥം. എന്നാൽ ഈ സംഗതിയെങ്ങാൻ ഒരു തമിഴനോടു മിണ്ടിയെങ്കിൽ ഉടനെ അവന്റെ മുഖം വീർക്കുന്നതു കാണാം. ‘ചകായം’ എന്നു അവൻ എഴുതിയാൽ ‘ശഹായം’ എന്ന് നമ്മൾ വായിക്കണം പോലും. “ശഹായമാണോ? ‘സഹായമല്ലേ?” എന്ന് നമ്മളാരാൻ ചോദിച്ചാൽ “അതു താൻ നാനും ശൊന്നത് സാർ, ശഹായം” എന്നു പറയും. ഇയ്യിടെ മലബാറിൽ ‘കരുടകർവപംകം’ എന്നു പേരായി ഒരു ‘തമിഴ് സംസാരിക്കും പടം’ വന്നിരുന്നു. നിങ്ങൾക്കാർക്കെങ്കിലും അതിന്റെ കള്ളി കിട്ടിയോ? ഇല്ലേ? തോറ്റുവോ? എന്നാൽ ഞാൻ പറഞ്ഞുതരാം. ‘ഗരുഡഗർവഭംഗ’മാണത്.

ഞാൻ ചോദിക്കുന്നത് കൂട്ടക്ഷരത്തിന്റെ കാര്യത്തിൽ തമിഴിനെ അനുഗമിക്കുകയാണെങ്കിൽ, എന്തുകൊണ്ട് ബാക്കി കാര്യങ്ങളിലും അനുഗമിച്ചുകൂടാ, എന്നാണ്. ഏതായാലും അക്ഷരം ചുരുക്കി കിട്ടുകയല്ലേ നമ്മുടെ ആവശ്യം? പിന്നെയൊരു കാര്യമുള്ളത് അങ്ങനെയായാൽ, അനേകം പദങ്ങൾ തമ്മിൽ കെട്ടിമറിഞ്ഞ്, അർത്ഥത്തിനു സ്ഥിരതയില്ലാതെ, മസാലപ്രായമായി കിടക്കുമെന്നുള്ളതല്ലേ? ഹു, അതൊന്നും അത്ര നോക്കാനില്ല. തങ്ങൾ ചെറുപ്പകാലത്ത് പഠിക്കാൻ മെനക്കെടാതിരുന്നതു നിമിത്തം ഇപ്പോൾ തങ്ങൾക്കും വിശ്വസാഹിത്യകാരപദവിക്കും മധ്യേ ഏറാമലകളായി കിടക്കുന്ന പദാർത്ഥനിയമങ്ങളും നിഷ്കർഷകളും ഭാഷാലോകത്തു നിന്ന് ഗളഹസ്തം ചെയ്യപ്പെടുന്ന കാലത്തു മാത്രമേ കേരളം രക്ഷ്യയായി തീരുകയുള്ളൂ എന്നല്ലേ നമ്മുടെ ജീവത്സാഹിത്യാചാര്യന്മാർ പറയുന്നത്? ഇനി നാട്ടിലെന്നപോലെ, സാഹിത്യത്തിലും അവരുടെ വാഴ്ചയല്ലേ? ആ സ്ഥിതിയിൽ അർത്ഥത്തെപ്പറ്റി എന്തിനു ക്ലേശിക്കണം? ‘കരുടകർവപംകം’ തന്നെ. നിങ്ങളെ ഞങ്ങള്ക്ക് വലിയ പയമൊന്നുമില്ല!

അതല്ല, ഞാനൊന്നു ചോദിക്കട്ടെ, ഇങ്ങനെയൊക്കെയായാലും, തമിഴ് ലിപിപ്രകാരം അനുസരിച്ചാൽകൂടിയും അക്ഷരങ്ങൾ കുറെ അധികമല്ലേ! എന്തുകൊണ്ട് നമ്മൾക്ക് ഇംഗ്ലീഷക്ഷരങ്ങൾ ഉപയോഗിച്ചുകൂടാ? ഈവഴിക്ക് കുറേ മുമ്പ് പണ്ഡിത് ജവാഹർലാലോ മറ്റോ ശ്രമിച്ചിരുന്നുവെന്നാണറിയുന്നത്. എന്തുകൊണ്ടാണാവോ അദ്ദേഹം അതു പിന്നീട് വിട്ടുകളഞ്ഞത്! അഞ്ചോ ആറോ പുതിയ അക്ഷരങ്ങൾ മാത്രമേ കൂട്ടിച്ചേർക്കേണ്ടി വരികയുള്ളൂ; അതിനു പകരമായി മൂന്നോ നാലോ അക്ഷരങ്ങൾ തീർച്ചയായി വിടുകയും ചെയ്യാം. പഠിക്കാനെളുപ്പം, എഴുതാനെളുപ്പം, അച്ചടിയുടെ കാര്യത്തിലുള്ള സൗകര്യം പറയാനില്ല. ആയിരം വിചിത്രരീതികളിലും വലിപ്പത്തിലുമുള്ള കരുക്കൾ യഥേഷ്ടം തെരെഞ്ഞെടുക്കുവാൻ കിടക്കുന്നു. ആകപ്പാടെ രണ്ടു തരം ‘വെണ്ടക്ക’യും മൂന്നു തരം ചെറുപയറും കൊണ്ട് കാര്യം കഴിക്കുന്ന നമ്മുടെ വൃത്താന്തപത്രങ്ങൾ ഇംഗ്ലീഷ് ലിപി വിന്യാസത്തിന്റെ അംഗീകരണത്തോടുകൂടി, എത്ര നയനമോഹനമായ വേഷത്തിലാണ് പുറപ്പെടുക എന്ന് നിങ്ങൾക്ക് ഊഹിക്കുവാൻ കഴിയുമോ? അതുകൊണ്ട് ഇപ്പോഴുള്ള സമ്പ്രദായത്തെ വിടുവാനാണ് നിങ്ങൾ തീർച്ചപ്പെടുത്തുന്നതെങ്കിൽ, ഇംഗ്ലീഷ് അതായത് റോമൻ ലിപിസമ്പ്രദായത്തെ അംഗീകരിക്കുന്നതാണ് ഏറ്റവും സൗകര്യപ്രദവും അനുയുക്തവുമായിരിക്കുക എന്ന് ഞാൻ അഭിപ്രായപ്പെടുന്നു. Athente abhiprayam: ningal enthu vicharikkunnu, Sir? Angineyallenkil parayin!

ലിപിലാവണ്യം

— വിജയകമാർ മേനോൻ

വിജയ്കമാർ മേനോൻ

എഴുത്തിലൂടെ സംവേദനം ചെയ്യുന്ന ആശയവും കല്പനയും കലാരൂപമായി മനുഷ്യരെ ആകർഷിക്കുന്നതുപോലെ എഴുതുന്ന ഭാഷയുടെ ലിപിലാവണ്യവും ആദ്യം മുതലേ മനുഷ്യഭാവനയേയും സൂക്ഷ്മദൃശ്യബോധത്തെയും സ്വാധീനിച്ചിരുന്നു. വാങ്മൊഴിയിലൂടെ അനുഭവിച്ചിരുന്ന ശബ്ദലോകത്തെ ദൃശ്യമാക്കിമാറ്റുന്ന പ്രക്രിയ ചിത്രലിപികളിലൂടെ തങ്ങി സ്വതന്ത്രാസ്തിത്വമുള്ള അക്ഷരമാലയിലേയ്ക്കു മാറിയപ്പോൾ ശ്രാവ്യം, ആശയം, ദൃശ്യം എന്നീ മൂന്നു തലങ്ങളെയാണ് അതു സ്പർശിച്ചത്. ആദിയിൽ വചനവും പിന്നീടതിനു രൂപവും ലഭിച്ചതു മനുഷ്യസംസ്കൃതിയുടെയും അവബോധത്തിന്റെയും ഭാഗമാണ്. ശ്രാവ്യം എന്ന മാധ്യമത്തിൽ നിന്നു ദൃശ്യം എന്നതിലേക്ക് അവയെ രൂപപ്പെടുത്തുമ്പോൾ ഒരമൂർത്ത തലത്തിലാണ് അവ തമ്മിൽ യോജിക്കുന്നത്. ശ്രാവ്യതാളം ദൃശ്യതാളമാക്കി മാറ്റുന്ന ഒരു ഘടകവും ലയമാർന്ന ലിപിലാവണ്യത്തിൽ അനുഭവിക്കാനാകും. പ്രകൃതി, കാലാവസ്ഥ, ഭക്ഷണം തുടങ്ങി നിരവധി മൂലകങ്ങളിൽ നിന്നു നിർദ്ധാരണം ചെയ്തെടുത്ത സംസ്കൃതിയുടെ സത്തയ്ക്കു യോജിച്ച ലയം ഓരോ ഭാഷയ്ക്കുമുണ്ട്. വാങ്മയത്തിലെ ഉച്ചാരണം പ്രാദേശിക ഭേദങ്ങളോടെ നിലകൊള്ളുന്നു. ഏതു ഉച്ചാരണവും അതേപോലെ എഴുതാൻ കഴിയുന്ന ഭാഷയാണ് ശ്രാവ്യ-ദൃശ്യ സമഗ്രത പൂർണ്ണമാക്കുന്നത്. ഇതു സാധിക്കുന്ന അപൂർവ്വം ഭാഷകളിലൊന്നാണു മലയാളം. പിറന്നിട്ട് അധികം കാലമായില്ലെങ്കിലും ഏതുച്ചാരണവും ഉൾക്കൊള്ളാൻ കഴിയുന്ന അക്ഷരങ്ങളുടെ ഒരു മാല അതിനു സ്വന്തമായുണ്ട്.

ആദ്യകാലത്തെ ചൈനീസ്–ജപ്പാനീസ് ലിപികൾ അവരുടെ ചിത്രകലയെയും കവിതയെയും വിവിധ ചിന്താശാഖകളെയും ഒരുമിപ്പിക്കുന്ന ഒന്നായിരുന്നു. ചീനയിൽ ഭൂഭാഗദൃശ്യങ്ങളിൽ എഴുതുന്ന ലിപികൾ നമുക്കു (വി)ചിത്രാക്ഷരങ്ങൾ മാത്രമാണ്. ചീനക്കാർക്കാകട്ടെ, ഭൂഭാഗദൃശ്യത്തിന്റെ ചിത്രഘടനയ്ക്കു ചേർന്ന ലിപിലാവണ്യമാണത്. ആ ലിപികളിലൂടെ വായിക്കാനാകുന്നത് ഒരു ആശയ/കാവ്യമുത്തായിരിക്കും. ദൃശ്യ-ശ്രാവ്യ-ആശ്രയ-കല്പനാ സമ്മേളനമാണത്. ഭാഷയുടെ കൊഞ്ചലും കിണുങ്ങലും ക്രോധവും അട്ടഹാസവും ചിന്തയുടെ ഗാംഭീര്യവും കാവ്യത്തിന്റെ തരളതയും അവരതിൽ കാണുന്നുവത്രെ. കൺഫ്യൂഷിയസിന്റെയും മറ്റും ചിന്തയിലെ സങ്കീർണ്ണാശയങ്ങളും കല്പനയും ഇതു പേറുന്നു. ചീനക്കാർക്കു ലിപി 'ഹൃദയമുദ്ര'കളും 'മനോമുദ്ര'കളും (heart prints and mind prints) ആണ്. വായിക്കാൻ കഴിയാത്തവിധം അവ്യക്തമായ അക്ഷരം താവോചിന്തയിലെയും സെൻബുദ്ധിസത്തിലെയും ദർശനത്തിന്റെ സിംബൽ പോലുമാണ്. അറബി ലിപിവിന്യാസം ദൃശ്യകാവ്യമായേ ചെയ്യാവൂ എന്ന് ഇന്നും നിർബന്ധമാണ്. ഓട്ടോമാൻ സുൽത്താൻ തുഗ്രാ ലിപിയിലെഴുതിയ കൈയ്യൊപ്പ് ലിപിലാവണ്യത്തിന്റെ മകുടോദാഹരണമായി എപ്പോഴും ഉദ്ധരിക്കാറുണ്ടല്ലോ. ലിപിവിന്യാസകലാവൃത്തിയുടെ (calligraphy) തുടർച്ചയാണ് ആധുനിക കാലത്തെ അച്ചടിലിപിവിദ്യ (typography). ചിത്രകലയിൽ രൂപസൃഷ്ടിയെക്കാൾ ലിപിലാവണ്യത്തിനു പ്രാധാന്യം കൊടുത്തവരാണ് അറബികൾ. ചിത്രത്തിലെഴുതുന്ന കാവ്യഭാഗത്തിന്റെ ഭാവം ഉൾക്കൊള്ളുന്ന വിധത്തിൽ ലിപിവിന്യാസം ക്രമീകരിക്കാൻ കഴിവുള്ളയാളെയാണ് ഏറ്റവും ശ്രേഷ്ഠചിത്രകാരനായി അവർ കരുതിയിട്ടുള്ളത്. മനുഷ്യ/മൃഗ/സസ്യരൂപങ്ങൾ വരയ്ക്കാൻ പരിശീലനം കൊണ്ടു കഴിയുമെന്നും ലിപിവടിവു വരുത്തി തന്റെ വ്യക്തിത്വം പ്രകടിപ്പിക്കുന്ന കലാകാരനാണു ശ്രേഷ്ഠനെന്നും അവർ കരുതി.

മലയാളികളുടെ സംസാരം കേട്ടാൽ ഒരു ചെപ്പിൽ കല്ലിട്ടു കുലുക്കിയാലുണ്ടാകുന്ന ശബ്ദാനുഭവമാണെന്നു മറുനാട്ടുകാർ പറയാറുണ്ട്. അതിന്റെ ശ്രാവ്യവും താളവും ഉരുണ്ടതാണ്, പരന്നതല്ല; വർത്തുളമാണ്, കൂർത്തതല്ല. ഈ ഉരുണ്ട ശ്രാവ്യതാളം നമ്മുടെ ചെണ്ടയുടെ ഉരുട്ടിക്കൊട്ടലിൽ കേൾക്കാം. മലയാളി ചോറുരുട്ടി ഉരുളയാക്കി വായിലേക്കെറിയുന്നതിനെ നിരവധി വിദേശികൾ അത്ഭുതത്തോടെയും പരിഹാസത്തോടെയുമൊക്കെ വിവരിച്ചിട്ടുണ്ടല്ലോ. വർത്തുളതയിലടങ്ങിയ ഉരുളനാണ് മലയാളിയുടെ ഉച്ചാരണം. ഉച്ചാരണത്തിലെ ശ്രാവ്യതാളത്തിന്റെ ഉരുണ്ടുകൊഴുക്കൽ ദൃശ്യമാക്കിയപ്പോൾ ലിപിയിലും അത് ചേർന്നു. ഭാരതീയ ഭാഷകൾക്കു പൊതുവെ ഉരുണ്ട ലിപികളോടാണടുപ്പം. എങ്കിലും ദക്ഷിണഭാരത ഭാഷകൾക്കാണ് അതു കൂടുതൽ. മലയാളം അക്കൂട്ടത്തിൽ പ്രധാനമാണ്. ഒറ്റയ്ക്കൊറ്റയ്ക്കു നില്ക്കുന്ന ശബ്ദങ്ങളെ അതിന്റെ അണുവസ്ഥിതിത്വത്തിൽ നിന്നു കൂട്ടുകുടുംബത്തിലേക്കു കൊണ്ടുവന്ന് ഒരുമിപ്പിക്കുന്നതുപോലെയാണു കൂട്ടക്ഷരങ്ങളുടെ രൂപം. അതു വേർപെടുത്തി എഴുതുന്ന പതിവ് മലയാളത്തിന് ഉണ്ടായിരുന്നില്ല. എന്നാൽ യന്ത്രത്തിനു സൗകര്യം നല്കാൻ ഒരു സംസ്കൃതിയുടെ ദൃശ്യചിഹ്നത്തെ ഹനിക്കുന്നവരുമുണ്ട്. സംസ്കാരത്തിന്റെ ചിഹ്നങ്ങളിൽ ഒന്നായ ലിപിയിൽ അടങ്ങിയിട്ടുള്ള സത്ത അതിന്റെ ആകൃതിയിലും വിന്യാസക്രമത്തിലും അന്തർലീനമായി അനുഭവപ്പെടുന്ന ലാവണ്യമാണ്. നിർബന്ധ ലിപിമാറ്റം നിർബന്ധ സംസ്കൃതി മാറ്റമായേ മറ്റു രാജ്യങ്ങൾ കണക്കാക്കാറുള്ളൂ.

മലയാളലിപിവിന്യാസത്തിന് പുതുരൂപം

— കെ. പി. ശങ്കരൻ

ഭാഷയുടെ ലാവണ്യത്തെ അക്ഷരങ്ങളുടെ രൂപം ബാധിക്കുമോ? ആന്തരമായ ഏതാനും അംശങ്ങളെ ആശ്രയിച്ചാണല്ലോ ലാവണ്യം നിലകൊള്ളുന്നത്. ആ അംശങ്ങൾക്കു ലഭിക്കുന്ന അക്ഷരരൂപത്തിനു ബാഹ്യമായ സ്ഥാനമാണുള്ളത്. വായിക്കുന്നവന്റെ കണ്ണിനു സ്വീകാര്യമായ ദൃശ്യഘടകം എന്ന വിതാനത്തിൽ അതു സീമിതമാവുന്നു.

കണ്ണിനു സ്വീകാര്യം എന്നു വെച്ചാലോ—ശീലങ്ങൾക്ക് പ്രസക്തിയുണ്ട് എന്നുതന്നെ വിവക്ഷ. ലാവണ്യബോധത്തിലുമുണ്ട് ശീലത്തിനു നിസ്സാരമല്ലാത്ത പങ്ക്. തീർത്തും അപരിചിതമായ ഒന്നിന്റെ ലാവണ്യം അംഗീകരിക്കാൻ മനസ്സ് ചിലപ്പോൾ അസാരം മടിച്ചെന്നും വരാം. അക്ഷരരൂപങ്ങളുടെ ലാവണ്യത്തെ സംബന്ധിച്ചാവട്ടെ, പ്രശ്നം വ്യക്തിയുടെ മാത്രമല്ല, പൊതുവേ സമൂഹത്തിന്റേതു കൂടിയാണ്. കാലാകാലമായി വ്യവസ്ഥപ്പെട്ട ഒരക്ഷരരൂപം ശീലിച്ചുപോന്ന സമൂഹത്തിന്, എന്തു പ്രയോജനം ഉദ്ദേശിച്ചായാലും ശരി, അതു പൊടുന്നനെ വർജ്ജിക്കേണ്ടി വരിക എന്നതു പ്രയാസമാവും. അന്നന്നു നവീകരിക്കപ്പെടേണ്ട ഒന്നു തന്നെ ലാവണ്യം. പക്ഷേ ആ നവീകരണം സർഗാത്മകതമായി വേണം സാധിക്കാൻ. ഒരു ഭാഷാസമൂഹത്തിന്റെ ആർജിതമായ ധാരണകൾക്കെതിരെ വിധ്വംസകമാവരുത്, അതിന്റെ സമീപനം.

പുതിയ ലിപിയുമായുള്ള എന്റെ ആദ്യത്തെ ഏറ്റുമുട്ടൽ തന്നെ ഇപ്രകാരം വിധ്വംസകമായിരുന്നില്ലേ എന്നു പേടി. 'ക്ഷണം' എന്ന പദം 'ക്‌ഷണം' എന്ന പാകത്തിൽ എനിക്കു നേരിടേണ്ടി വന്നു. അല്പം ഞണുക്കത്തോടെയാണെങ്കിലും, ഇതു സാധനം 'ക്ഷണ'മാണ് എന്നു ഗ്രഹിക്കാൻ കഴിഞ്ഞില്ലെന്നല്ല. എന്നാൽ 'കഷണം' എന്ന വിരുദ്ധാർത്ഥമായ വിവക്ഷയോട് അടുത്തു നില്ക്കുന്നവല്ലോ ഈ 'സാധനം' എന്നു ചെടിക്കാതിരിക്കാനും കഴിഞ്ഞില്ല. 'ക്ഷണ'ത്തെ 'കഷണ'ത്തോട് അടുപ്പിക്കേണ്ട വല്ല ആത്യന്തികഘട്ടവും മലയാള ഭാഷയ്ക്കു വന്നുപെട്ടുവോ? അച്ചുകളുടെ ആധിക്യം, ടൈപ്റൈറ്റർ കീബോർഡിന്റെ അപര്യാപ്തത എന്നൊക്കെ ചില പ്രശ്നങ്ങൾ ഇടക്കാലത്ത് ഉന്നയിച്ചു കേട്ടിരുന്നു. ഇപ്പോൾ ഡിറ്റിപിയുടെ പ്രചാരത്തോടെ അവ മിക്കവാറും അപ്രസക്തമായി കഴിഞ്ഞിരിക്കയല്ലേ? നൂറ്റാണ്ടുകളിലെ കൂട്ടായ്മയിലൂടെ ഒരു ജനത വികസിപ്പിച്ചെടുത്ത അക്ഷരരൂപത്തോടുള്ള അതിക്രമം ഇനിയെങ്കിലും അവസാനിപ്പിച്ചുകൂടെ?

പക്ഷേ അധികൃതമായ അനുഗ്രഹത്തോടെ പുറത്തിറക്കിയത് എന്നു വിചാരിക്കേണ്ട ഒരു രേഖയിൽ (മലയാളം അച്ചടിയും എഴുത്തും ഒരു സ്റ്റൈൽ പുസ്തകം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്) പ്രകടമാവുന്നത് ഇതിനു വിപരീതമായ വീക്ഷണമത്രെ. 'തനിമ' എന്ന പേരിൽ തങ്ങൾ അടിച്ചേല്പിക്കാൻ ശ്രമിക്കുന്ന കൃത്രിമത്വം ഇതിനു പിന്നിൽ പ്രവർത്തിക്കുന്നവർക്കു പിടികിട്ടാതെ പോവുകയാണോ? അതോ കിട്ടിയിട്ടും, പൂച്ച പാലുകുടിക്കുമ്പോഴത്തെ സൂത്രത്തിലേക്ക്, അവർ പിൻവലിയുകയാണോ?

'കൃത്രിമത്വം' എന്ന് പഴയ ശീലത്തിന്റെ ശിക്ഷണത്തിനു വഴങ്ങി ഞാൻ എഴുതിപ്പോയെന്നേയുള്ളു. 'തനിമ'യുടെ രേഖ 'ക്‌റ്ത്‌റിമം' എന്ന ലിപിരൂപമാവും ശിപാർശ ചെയ്യുക. സംസ്കൃതത്തിന്റെ സ്വനഘടനയ്ക്കുകൂടി ചേരുന്ന രീതിയിൽ രൂപംകൊണ്ടത് മലയാള ലിപിക്കു മഹാവിനയായിപ്പോയി മുതലായ പല സൂചനകളും ഈ രേഖയിലുണ്ട്. 'ക്ഷണ'ത്തെ 'കഷണ'ത്തോടടുപ്പിക്കണോ? എന്ന എന്റെ പഴയ പ്രശ്നത്തിലേക്ക് ഞാൻ ഒതുങ്ങട്ടെ. 'ക്‌ഷ' എന്ന ചിഹ്നവും 'ക്ഷ' എന്ന ചിഹ്നവും വാസ്തവത്തിൽ ഒരേ വടിവിലാണോ ഉച്ചരിക്കപ്പെടുന്നത്. Fiction എന്ന ഇംഗ്ലീഷു വാക്ക് നമ്മുടെ വിമർശനത്തിനു പലപ്പോഴും, നിയതമായ ഒരു സങ്കല്പത്തിന്റെ വാഹകം എന്ന നിലയിൽ ആശ്രയിക്കേണ്ടി വരാറുണ്ടല്ലോ. അപ്പോൾ മലയാള ലിപി ഉപയോഗിക്കുന്നതല്ലേ മര്യാദ? ശരി, എന്താവണം രൂപം. 'ഫിക്‌ഷൻ' എന്നോ 'ഫിക്ഷൻ' എന്നോ? കൂട്ടക്ഷരങ്ങളെക്കുറിച്ചു തീർപ്പു കല്പിക്കുന്നതിനു മുമ്പ് നമ്മുടെ ഭാഷയുടെ ഇന്നത്തെ സാസ്കാരിക പരിസരം കൂടുതൽ ഗാഢമായി കണക്കിലെടുക്കേണ്ടതുണ്ട് എന്നു ചുരുക്കം. കുഞ്ഞുണ്ണി മാസ്റ്ററുടെ ഒരു കവിതയാണ് എനിക്കോർമ്മ വരുന്നത്.

> 'ആറും നാലും ചേർന്ന പത്തു
> സാക്ഷാൽ പത്തല്ല നിശ്ചയം'

നമ്മുടെ സമൂഹം എത്രയോ കാലം കൊണ്ടു പാകപ്പെടുത്തിയ ശീലത്തിനെതിരെ കൂട്ടക്ഷരങ്ങളെ ഇങ്ങനെ പിരിച്ചു പ്രയോഗിക്കുക എന്ന ഏർപ്പാടിലൂടെ വല്ലൊരു വ്യവസ്ഥയും ഉറപ്പു വരുത്താൻ പ്രസ്തുത രേഖയ്ക്കു കഴിയുന്നുണ്ടോ? അവ്യവസ്ഥയും അരാജകത്വവും ഇപ്പോഴും ശേഷിക്കയാണ്. എല്ലാ കൂട്ടക്ഷരങ്ങളുടെ കാര്യത്തിലും ഒരേ നയമല്ല രേഖ പിന്തുടരുന്നത്. 'ആവൃത്തി' എന്ന പ്രമാണത്തിന്റെ പേരിൽ ഇടയ്ക്ക് നയം ഒതുക്കിപ്പിടിക്കുന്നു. എങ്കിൽ പിന്നെ എന്തുകൊണ്ട് സമൂഹമാകെ എത്രയോ കാലമായി അനുഷ്ഠിച്ചു പോരുന്ന ആവൃത്തിയുടെ പ്രേരണയിൽ അതൊന്ന് ഉടച്ചു വാർക്കുക തന്നെ ചെയ്തുകൂടാ?

ഇത്തരം അവസ്ഥയ്ക്കും അരാജകത്വത്തിനും നടുക്ക് ആശ്വാസത്തിന്റെ വാഗ്ദാനം എന്ന നിലയിൽ 'രചന'യുടെ യത്നത്തെ വരവേല്ക്കാൻ സന്തോഷമുണ്ട്. ശീലങ്ങളെ അട്ടിമറിക്കാതെ തന്നെ, നവീന സാങ്കേതിക വിദ്യയുടെ അനുഗ്രഹത്തെ നമ്മുടെ ലിപിരൂപത്തിലേക്കു ലയിപ്പിച്ചെടുക്കാൻ 'രചന' ശ്രദ്ധിക്കുന്നു.

ഭാഷ ഒരു നദി

— പി.എൻ. ഉണ്ണികൃഷ്ണൻ

മനുഷ്യമനസ്സ് ഒഴുകിയെത്തുന്ന വഴിയാണ് ഭാഷ. കുലംകുത്തിയൊഴുകുന്ന പ്രാകൃതചോദനകളെ സംസ്കരിച്ചെടുത്ത് അറിവിന്റെ മഹാസമുദ്രത്തിൽ ലയിപ്പിക്കുന്ന ചിരന്തധാര. സഹ്യന്റെ ഹരിതസങ്കല്പങ്ങളും ഇടനാടിന്റെ ഗ്രാമസൗഹൃദങ്ങളും അറബിക്കടലിന്റെ അടങ്ങാത്ത മോഹങ്ങളും മലയാണ്മയുടെ തീവ്ര ഭാഷാനുഭവങ്ങളാണ്.

കുട്ടികളോടിക്കളിക്കുന്ന മണൽപ്പുറങ്ങൾ, പുഴയോരത്തെ പാറയിൽ ഉറക്കം നടിച്ചിരിക്കുന്ന നീലപ്പൊന്മാൻ, ഓണനിലാവു വഴിയുന്ന തണ്ണീർത്തടങ്ങൾ, ഭ്രതത്താന്മാർ കുത്തിയ ആഴക്കയങ്ങൾ, ആതിര നിലാവിലെ ചിറ്റോളങ്ങൾ, ഈറൻ ചിന്തകൾ കാറ്റത്തിട്ടു നില്ക്കുന്ന പുഴവക്കിലെ മരക്കൂട്ടങ്ങൾ, വേനൽ വറുതിയിൽ തലതാഴ്ത്തി പുഴയിറങ്ങിപ്പോകുന്ന കാലിക്കൂട്ടങ്ങൾ, സായം സന്ധ്യയിൽ നിഴലുകളിലേക്ക് തുഴഞ്ഞു നീങ്ങുന്ന കടത്തു വഞ്ചികൾ. ഈ നദി എപ്പോഴും ഒഴുകിക്കൊണ്ടിരിക്കുന്നു.

ജലവും ഭൂമിയും പരസ്പരാശ്ലേഷത്തിൽ തീരങ്ങളുടെ ഹരിതപ്രഭാവമായിത്തീരുന്ന അത്യത്ഭുതമാണ് പുഴ. മലയിൽ പെയ്യുന്ന വെള്ളം കടലിലെത്താനുള്ള വെറുമൊരു ചാലാണ് പുഴയെന്നു ചിലപ്പോൾ നാം ധരിക്കുന്നു. പുതിയ മുദ്രാവാക്യങ്ങൾ നാം തീർക്കുന്നു. പുഴയുടെ വളവുകൾ നീർത്തുക! വെള്ളപ്പൊക്കം തടയുക! നമ്മുടെ ഇച്ഛാനുസരണം വെള്ളമൊഴുക്കുക! വെറുതെ പ്രയോജനരഹിതമായി പൂഴി മൂടിക്കിടക്കുന്ന പുഴയോരങ്ങൾ യുക്തിക്കു നിരക്കുന്നില്ല. പുഴയോരങ്ങൾ വേണ്ട, പുഴയും വേണ്ട. നീരൊഴുക്കിനു പുതിയ യുക്തിഭദ്രത വേണമെന്നായിരിക്കുന്നു.

പുഴയുടെ നാനാർത്ഥങ്ങൾ നഷ്ടപ്പെടുമെന്നോ? വളവുകളേതുമില്ലാതെ നെടുനീളത്തിൽ കനാലുകളായി വിസ്മയങ്ങൾ ബാക്കി വെയ്ക്കാതെ, ആഴ്ചയവധികൾ മുറയ്ക്കൊഴിവാക്കി ഒഴുകുന്ന യുക്തിഭദ്രതയിൽ പുഴയുടെ ഓർമ്മകൾ പോലും അസംബന്ധമായിത്തീരുന്നു.

ഓരോ കാലഘട്ടത്തിനും അതിന്റേതായ യുക്തിയും യുക്തിരാഹിത്യവുമുണ്ടാകാം. ഭാഷയിൽ കാലാകാലങ്ങളിലെ യുക്തികളേല്പിച്ച മാറ്റങ്ങളെന്തെല്ലാം! ഭാഷയിൽ ലിപിപരിഷ്കരണത്തിനു ഹേതുവായിത്തീർന്നതു പ്രധാനമായും എഴുത്തിന്റെ സാങ്കേതികതയായിരുന്നു. അച്ചടി യന്ത്രങ്ങളുടെ വരവ് സ്വാഭാവികമായും അന്നു നിലവിലിരുന്ന ഭാഷാലിപികളുടെ വടിവിൽ പുതിയ യുക്തികൾ കണ്ടെത്തി. പിന്നീടു വന്ന ടൈപ്റൈറ്റർ, കൂട്ടക്ഷരങ്ങളുടെ യുക്തിയെ മറികടന്നു കീബോർഡിന്റെ യുക്തി മുന്നിൽ പ്രതിഷ്ഠിച്ചു.

ഭാഗ്യവശാൽ ശാസ്ത്രം അവിടെ ഉറച്ചു പോയിട്ടില്ല. ശക്തിയും പദാർത്ഥവും സത്യദർശനത്തിന്റെ ഇരുമുഖങ്ങളാണെന്ന സൂക്ഷ്മവിജ്ഞാനം ചിന്തയുടെ പ്രാഗ് രൂപങ്ങളാവിഷ്കരിക്കാൻ കെല്പുള്ള ആധുനിക സാങ്കേതികവിദ്യകൾ സൃഷ്ടിച്ചുകൊണ്ടിരിക്കുന്നു. ശുദ്ധ യാന്ത്രികയുഗത്തിലെ ടൈപ്റൈറ്റർ യന്ത്രങ്ങൾ പഴയ കാലത്തിന്റെ ഓർമ്മകളായി കാഴ്ചബംഗ്ലാവുകളിൽ അവശേഷിക്കാൻ ഇനി ഏറെ നാൾ വേണ്ടിവരില്ല. ടൈപ്റൈറ്റർ കീബോർഡിന്റെ യുക്തിക്കനുസരിച്ചു പരിഷ്കരിക്കപ്പെട്ട ലിപികൾ പ്രദർശിപ്പിക്കാൻ അവിടെത്തന്നെ നാം ഇടം കണ്ടെത്തണം.

ഭാഷ ആത്യന്തികമായി നമ്മുടെ മനഃസംസ്കാരത്തിന്റെ നീരൊഴുക്കാകുന്നു. സാങ്കേതികവിദ്യ പരിമിതിയല്ലാതാകുന്ന ഇന്നത്തെ അവസ്ഥയിൽ മലയാളത്തിലെ ലിപിഭ്രംശങ്ങൾക്ക് അറുതി വരുത്താനുള്ള കരുത്തു നമുക്കു കൈവരുന്നു. ഇത് നമുക്കു സ്വാതന്ത്ര്യത്തിന്റെ ഉദ്ഘോഷമാണ്. മലയാളത്തിന്റെ സ്വത്വം അറിഞ്ഞുരുചിക്കാൻ നമുക്കു കിട്ടിയ സ്വാതന്ത്ര്യം. ഉരുക്കും സിമന്റും കോൺക്രീറ്റും അടിച്ചേല്പിക്കുന്ന യുക്തിയിൽ നിന്ന് പൂഴിമണലിൽ വിരൽത്തുമ്പുകൊണ്ടെഴുതുന്ന ഭാഷാസ്വാതന്ത്ര്യത്തിന്റെ യുക്തി നാം തിരിച്ചറിയുക!

പഴമയിലേയ്ക്കൊരു തിരിച്ചുപോക്കല്ലിത്. കാലുളുക്കി നടക്കുന്ന ആൾ, ഉളുക്കു മാറുമ്പോൾ ഞൊണ്ടലില്ലാതെ നടക്കുമ്പോലെ അത്ര സ്വാഭാവികമായ മാറ്റം. ഒരു രോഗാവസ്ഥയിൽ നിന്നുള്ള ശാന്തി, മോചനം. അത്രേയുള്ളൂ. എന്നാൽ അതത്ര നിസ്സാരമാണോ?

എസ്. ഗുപ്തൻനായർ

ഗുപ്തൻ നായർ

മലയാള ലിപികളുടെ പരിഷ്കരണം ബെഞ്ചമിൻ ബെയ്‌ലിയുടെ കാലത്താണ് മിക്കവാറും സമഗ്രമായത്. ടൈപ്പ്റൈറ്റർ യന്ത്രത്തിനു പാകപ്പെടുത്താൻ വേണ്ടി, ആ ലിപികളെ ഒട്ടേറെ വികൃതമാക്കിക്കൊണ്ടുള്ള പരിഷ്കാരം ഇടക്കാലത്തു പ്രചരിച്ചു. അന്നു സമ്മതിച്ചാൽപോലും ഇന്ന് അതിനു ഒട്ടും പ്രസക്തിയില്ല. രൂപഭംഗി നശിപ്പിക്കാതെയും വായനയ്ക്കു വിഘ്നം വരുത്താതെയും ഉള്ള ഒരു അക്ഷര വടിവാണ് നമ്മുടെ ഇന്നത്തെ ആവശ്യം. പഴയ ലിപിയിൽ നിന്നു ന്യൂനതമമായ മാറ്റങ്ങൾ മാത്രമേ അതിനു വേണ്ടി സ്വീകരിക്കാവൂ. മാറ്റത്തിനു വേണ്ടി മാറ്റം എന്ന ശാഠ്യം ഉപേക്ഷിക്കണം.

എം.കെ. സാനു

എം. കെ. സാനു

ലിപികളുടെ സൗന്ദര്യവും വടിവും ഒരു പൈതൃകത്തിന്റെ സംസ്കാരസാരമാണ് ഉൾക്കൊള്ളുന്നത്. അതു സൗകര്യാനുസരണം മാറ്റിമറിക്കുമ്പോൾ മുറിവേല്ക്കുന്നത് നമ്മുടെ സൗന്ദര്യബോധത്തിനു തന്നെയാണ്. മലയാള ലിപികളിൽ നടത്തിയ പരീക്ഷണങ്ങൾ ഭാഷാസ്നേഹികളെ വേദനിപ്പിക്കുകയായിരുന്നു. പഴയ വടിവും സൗന്ദര്യവും നിലനിർത്തിക്കൊണ്ട് ആധുനീകരണത്തിലേക്കു നീങ്ങാനുള്ള ഈ പരിശ്രമം അളവറ്റ ആഹ്ലാദമാണ് എന്നിൽ സൃഷ്ടിച്ചത്. കേരളീയരേവരും 'രചന' എന്ന ഈ സംരംഭം കാണുമ്പോൾ എന്റെ ആഹ്ലാദത്തിൽ പങ്കുകൊള്ളുമെന്നു വിശ്വാസമുണ്ട്.

രചനയുടെ രണ്ടാം ഘട്ടം

— ഹുസൈൻ കെ.എച്ച്.[6]

ഹുസൈൻ

ജൂലൈ 7-ലെ തിരുവനന്തപുരം സമ്മേളത്തിനു ശേഷം രചന സമൂലമായ അഴിച്ചുപണിക്കു വിധേയമായി. MS Word-ൽ ആദ്യമായി അവതരിപ്പിച്ച രചനയ്ക്ക് പല പരിമിതികളുമുണ്ടായിരുന്നു. കഴിഞ്ഞ അഞ്ചെട്ടു മാസങ്ങൾക്കുള്ളിൽ സ്വതന്ത്രമായ ഒരു ടെക്സ്റ്റ് എഡിറ്ററായി രചനയെ റീപ്രോഗ്രാം ചെയ്തു. കേരള വനഗവേഷണ ഇൻസ്റ്റിറ്റ്യൂട്ടിലെ ഡോ. പി. വിജയകുമാരൻ നായരുടെ പരിശ്രമഫലമായാണ് രചനയുടെ രണ്ടാം ഘട്ട നിർവഹണം പൂർത്തിയായത്.

MS Word-ലെ രചനയുടെ പ്രധാന പരിമിതി കൂട്ടക്ഷരങ്ങൾ ഉണ്ടാക്കാൻ ഉപയോഗിച്ച ഗ്രൂപ്പിങ്ങ് രീതിയായിരുന്നു. ഇൻസ്ക്രിപ്റ്റ് കീബോർഡിലെ ചില കീ-കളെ മാറ്റി പ്രതിഷ്ഠിക്കേണ്ടതായും വന്നു. ഫോണ്ടുകളുടെ ഭംഗിക്കുറവും വരികൾക്കിടയിലെ അകലവും വിമർശന വിധേയമായി.

പുതിയ രചന

ഇന്ന് പ്രചാരത്തിലുള്ള വിവധതരം കീബോർഡുകളും ആവിഷ്കാരരീതികളും പൂർണ്ണമായും പ്രയോഗവൽക്കരിക്കാൻ കഴിഞ്ഞു എന്നതാണ് പുതിയ രചനയുടെ പ്രത്യേകത. ഇൻസ്ക്രിപ്റ്റ്/ഫൊണറ്റിക്ക് മലയാളം ടൈപ്റൈറ്റർ മുതലായ ഏതു കീബോർഡുകളും, ഉപയോഗിക്കുന്നവരുടെ സ്വേച്ഛാനുസരണം ഇന്ന് രചനയിൽ തിരഞ്ഞെടുക്കാം. വർഷങ്ങളായി പഠിക്കുകയും പ്രയോഗിക്കുകയും ചെയ്ത കീയിംഗ് അതേപടി രചനയിൽ മാറ്റമില്ലാതെ തുടരാം.

ഇൻസ്ക്രിപ്റ്റ് കീബോർഡ്

ബ്യൂറോ ഓഫ് ഇൻഡ്യൻ സ്റ്റാൻഡേർഡ്സ് (BIS) രൂപകല്പനചെയ്ത ഇൻസ്ക്രിപ്റ്റ്/ഫൊണറ്റിക് കീബോർഡ് ആണ് ചില്ലറ വ്യത്യാസങ്ങളോടെ എല്ലാ മലയാളം ഡിറ്റിപി പാക്കേജുകളും ഉപയോഗിച്ചുവരുന്നത്. ഇൻസ്ക്രിപ്റ്റ് ടൈപ്പിങ്ങ് അതേപടി രചനയിലും സാദ്ധ്യമാണ്.

ദേവനാഗിരി/ഹിന്ദി അടിസ്ഥാനമാക്കിയാണ് ഇൻസ്ക്രിപ്റ്റ് കീബോർഡ് രൂപകല്പന ചെയ്തിരിക്കുന്നത്. മലയാള ഭാഷയുടെ പ്രത്യേകതകൾ വെച്ചുനോക്കുമ്പോൾ ഇൻസ്ക്രിപ്റ്റിനു് പല ന്യൂനതകളും ഉണ്ട്.

1. മലയാളത്തിലെ ഏറ്റവും ആവൃത്തിയുള്ള അക്ഷരങ്ങൾ ചില്ലക്ഷരങ്ങളാണ്. ചില്ലക്ഷരങ്ങളുണ്ടാക്കാൻ ഇൻസ്ക്രിപ്റ്റിൽ മൂന്ന് കീ അമർത്തലുകൾ വേണ്ടിവരുന്നു: ൻ = ന് NUK.
2. കൂടുതൽ ആവൃത്തിയുള്ള ഇരട്ടിപ്പുണ്ടാക്കാനും മൂന്ന് കീ-കൾ ആവശ്യമായി വരുന്നു: ത്ത = ത് ത, ക്ക = ക് ക.
3. ആവൃത്തിയുള്ള ചില കൂട്ടക്ഷരങ്ങൾക്കും മൂന്നോ അതിലധികമോ കീ അമർത്തലുകൾ ആവശ്യമായി വരുന്നു: യ്ക്ക = യ് ക് ക (5 Keys).
4. കോളൻ (:), സെമിക്കോളൻ (;), Quotes (”) മുതലായ പല ചിഹ്നങ്ങളും സൃഷ്ടിക്കാൻ ഇംഗ്ലീഷിലേക്ക് toggle ചെയ്യണം.
5. യകാരം (്യ), വകാരം (്വ) റകാരം (്ര), മുതലായവ സൃഷ്ടിക്കാൻ ഋജുവായ മാർഗ്ഗങ്ങളില്ല: ശ്യ = ശ് യ; സ്വ = സ് വ, ക്ര = ്രക.

MINSCRIPT

ഇൻസ്ക്രിപ്റ്റ് കീബോർഡിനെ മലയാള ഭാഷയുടെ പ്രത്യേകതകൾക്കനുസരിച്ച് പരിഷ്കരിച്ചാണ് രചന മിൻസ്ക്രിപ്റ്റ് കീബോർഡ് രൂപകല്പന ചെയ്തിരിക്കുന്നത്. അകലെ കിടന്നിരുന്ന ‘ഒ, ഋ’ എന്നീ രണ്ടു കീ-കളെ വിരലുകൾക്കടുത്തേക്ക് സ്ഥാനം മാറ്റിയെന്നതൊഴിച്ചാൽ മറ്റൊരു വ്യത്യാസവും ഇൻസ്ക്രിപ്റ്റിൽ വരുത്തിയിട്ടില്ല. ഒട്ടേറെ ഗുണങ്ങൾ മിൻസ്ക്രിപ്റ്റിനുണ്ട്.

1. ഒരേസ്വരത്തിന്റെ രണ്ടു ചിഹ്നങ്ങളെ (ഇ, ി) ഒറ്റ കീയിലേക്കു കൊണ്ടുവന്നിരിക്കുന്നു.
2. ചില്ലക്ഷരങ്ങളും ആവൃത്തിയുള്ള കൂട്ടക്ഷരങ്ങളും ഒരു കീയിങ്ങിലൂടെ സൃഷ്ടിക്കാം. ൻ, ൽ, ർ, ൾ, ൺ, ത്ത, ന്ന, പ്പ, ങ്ങ, ക്ക, റ്റ, മ്പ, ന്റ, യ്ക്ക.
3. ഒറ്റ കീയിൽ യ, വ, റ, കാരങ്ങൾ (്യ, ്വ, ്ര)
4. സംവൃതോകാരത്തിന് ഒറ്റ കീ: തു് = തു്, ണ് = ണു്
5. മലയാള അക്കങ്ങൾക്ക് പുനർജ്ജന്മം: 1 NUK = ൧; 2 NUK = ൨

കൂട്ടക്ഷരങ്ങൾ

ലിങ്ക് രീതിയിലൂടെ മലയാളത്തിലെ സാദ്ധ്യമായ എല്ലാ സംയുക്താക്ഷരങ്ങളും രചനയിലൂടെ സൃഷ്ടിച്ചെടുക്കാൻ കഴിയും. d-യാണ് ലിങ്ക് കീ. ‘് ’-യും ‘അ’-യും d-യിൽ നിബന്ധിച്ചിരിക്കുന്നു.

സ് ത = സ്ത;   ത് സ = ത്സ
ത് സ് ന = ത്സ്ന;   ഗ് ദ് ധ = ഗ്ദ്ധ

വ്യഞ്ജനങ്ങളോട് സ്വരചിഹ്നങ്ങൾ ചേർക്കാൻ ലിങ്കിന്റെ ആവശ്യമില്ല.

തു = തു;   നു = നു;   ഗ്ര = ഗ്ര, ക്ഷു = ക്ഷു

യ, വ, റ-കാരങ്ങൾ ലിങ്ക് ഉപയോഗിച്ചോ നേരിട്ടോ സൃഷ്ടിക്കാം.

ശ്യ = ശ് യ അല്ലെങ്കിൽ ശ്യ,
സ്വ = സ് വ അല്ലെങ്കിൽ സ്വ,
ക്ര = ക് ര അല്ലെങ്കിൽ ്രക
സ്തു = സ്ത്രു, അല്ലെങ്കിൽ സ്ത് രു
ഷ്ണു = ഷ്ണു,

M-TRAN

ലിപ്യന്തരണം (transliteration) മുഖേന ഇംഗ്ലീഷ് ടൈപ്പിംഗ് വശമുള്ളവർക്ക് ഡാറ്റാ എൻട്രി എളുപ്പമാക്കാൻ M-Tran എന്ന കീബോർഡ് രചന രൂപകല്പന ചെയ്തിരിക്കുന്നു (ഉദാ: amma = അമ്മ, sthree = സ്ത്രീ, purushan = പുരുഷൻ). ലിപ്യന്തരണം സാദ്ധ്യമാക്കുന്ന മറ്റു പ്രോഗ്രാമുകളെ (മംഗ്ലീഷ്, ലതിക) അപേക്ഷിച്ച് പല മെച്ചങ്ങളും M-Tran-നുണ്ട്. ലിപ്യന്തരണത്തിന് ഉപയോഗിക്കുന്ന സ്കീം ഋജുവാണ്. മറ്റൊന്ന്, M-Tran ഉപയോഗിച്ചുണ്ടാക്കിയ പാഠം രചനയുടെ മറ്റു കീബോർഡുകളുടെ ദൃശ്യസംവിധാനവും mouse-ഉം ഉപയോഗിച്ച് എഡിറ്റ് ചെയ്യാം.

വിവർത്തന സാധ്യതകൾ

ഗിസ്റ്റ്, ഉുലിക, ശ്രീലിപി മുതലായ പാക്കേജുകളുപയോഗിച്ച് അടിച്ച ടെക്സ്റ്റുകളെ മലയാളത്തിന്റെ തനതു ലിപിയിലേക്ക് മാറ്റാനാവശ്യമായ വിവർത്തന പ്രോഗ്രാമുകൾ (exchange drivers) രചന ഇതിനകം തന്നെ വികസിപ്പിച്ചു കഴിഞ്ഞിരിക്കുന്നു. യൂണിക്കോഡിനു് അനുഗുണമായ വിവർത്തനവും രചന വികസിപ്പിക്കുന്നുണ്ട്.

ഹൈഫനേഷൻ

രണ്ടുതരം ഹൈഫനേഷൻ രചനയിൽ സാദ്ധ്യമാണ്. 5.5 സെ.മി. വരുന്ന വാരികകളുടെ കോളങ്ങൾക്കായി narrow column ഹൈഫനേഷൻ: ദൃ-ശ്യ ശ്രു-വ്യ-മാ-ദ്ധ്യ-മ-ങ്ങൾ’. വരിയുടെ ആദ്യത്തിലോ അവസാനത്തിലോ ഒറ്റ അക്ഷരങ്ങളിൽ മുറിയുമെങ്കിലും കോളത്തിന്റെ വീതി കുറവായതിനാൽ വായനയ്ക്ക് തടസ്സം നേരിടുന്നില്ല. എന്നാൽ 10 cm വരുന്ന പുസ്തകങ്ങളിലെ വരികളിൽ ചുരുങ്ങിയത് രണ്ടക്ഷരം വെച്ചേ board colum hyphenation പദങ്ങളെ മുറിക്കുകയുള്ളൂ. ‘ദൃശ്യ ശ്രു-വ്യ-മാ-ദ്ധ്യ-മ-ങ്ങൾ’ (ഈ ലേഖനം narrow column hyphenation ഉപയോഗിച്ചാണ് ടൈപ് സെറ്റ് ചെയ്തിരിക്കുന്നത്.)

രചനയിൽ അടിച്ച വരികൾ save ചെയ്തോ cut & paste ചെയ്തോ PageMaker, MS Word, PowerPoint എന്നിവയിലേക്കുള്ള കൊണ്ടുപോകാം. ‘കേരളീയം’, ‘ഭട്ടതിരി’, ‘ഗോപൻ’ എന്നീ ടൈപ്പുകൾ കൂടി രചന ചെയ്യിക്കുന്നുണ്ട്. ഫോണ്ടുകളുടെ മാറ്റം, hyphenation, കൂട്ടക്ഷരങ്ങളുടെ നിർമ്മിതി എന്നിവ രചന എഡിറ്ററിൽ വച്ചു തന്നെ നിർവ്വഹിക്കണം. point size, style എന്നിവ PageMaker-ലോ, Word-ലോ ഇരുന്ന് തിരഞ്ഞെടുക്കാം. PageMaker, Word എന്നിവയിലിരുന്ന് എഡിറ്റു ചെയ്യാനെളുപ്പത്തിനായി രചനയുടെ ഒരു ചെറിയ child edit box നേരിട്ട് ലഭ്യമാണ്.

രചനയുടെ വിവിധ ഭാവിപദ്ധതികൾ

വ്യത്യസ്തങ്ങളും മനോഹരങ്ങളുമായ ഫോണ്ടുകളുടെ നിർമ്മാണത്തിനായി ആർട്ടിസ്റ്റ് നമ്പൂതിരി, സി. എൻ. കരുണാകരൻ, ഭട്ടതിരി മുതലായ കേരളത്തിലെ പ്രഗത്ഭരായ കാലിഗ്രാഫറുകളുടേയും ടൈപോഗ്രാഫിസ്റ്റുകളുടെയും കൂട്ടായ്മയ്ക്ക് രചന തുടക്കം കുറിച്ചു കഴിഞ്ഞു. പ്രഗത്ഭ പത്രപ്രവർത്തകൻ ശ്രീ. ടി. ജെ. എസ്. ജോർജ്ജ് ആണ് ഈ സംരംഭത്തിന്റെ മുഖ്യ ഉപദേഷ്ടാവ്.[7]

മാതൃഭാഷയ്ക്കു വേണ്ടി automatic spell checking, sorting, database engine എന്നിവയുടെ സാക്ഷാൽക്കാരവും രചനയുടെ സ്വപ്നമാണ്.[8]

രചനയുടെ രണ്ടാംഘട്ട നിർവ്വഹണത്തിന് എല്ലാവിധ പ്രോത്സാഹനങ്ങളും നല്കിയത് ശ്രീ. എസ്. ജയചന്ദ്രൻ നായരാണ്. അദ്ദേഹം എഡിറ്റു ചെയ്യുന്ന ‘സമകാലിക മലയാളം വാരിക’ (New Indian Express Group) രചനയിൽ ടൈപ് സെറ്റ് ചെയ്തു തുടങ്ങിയിരിക്കുന്നു. ഭാഷാചരിത്രത്തിലെ ധീരമായൊരു കാൽവെയ്പാണിത്.

മലയാളത്തിന്റെ തനിമയും സൗന്ദര്യവും രചനയുടെ കൈകളിൽ ഭദ്രമാണ്. കഴിഞ്ഞ അഞ്ചെട്ടു മാസങ്ങളായി മലയാള ലിപിയെക്കുറിച്ച് നടന്നു വരുന്ന അർത്ഥവത്തായ സംവാദങ്ങൾ രചനയുടെ സ്വീകാര്യതയും പ്രചാരണവും ഉറപ്പ് വരുത്തുന്നു.

(ഈ ലഘുലേഖ ടൈപ് സെറ്റ് ചെയ്തിരിക്കുന്നത് രചനയിലാണ്; ഈ ലേഖനം രചനയുടെ നവീകരിച്ച ഫോണ്ടിലും. അച്ചുക്കയുടെ കാർട്ടൂണുകളിൽ ഉപയോഗിച്ചിരിക്കുന്ന ഭാഷ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ‘മലയാളത്തനിമ’ നിർദ്ദേശങ്ങളെ ആസ്പദിച്ചാണ്! രചനയുടെ വരവോടെ. ചുരുങ്ങിയ കാലയളവിനുള്ളിൽ തന്നെ ഇത്തരം ലിപിപരിഷ്കരണശ്രമങ്ങൾ ചരിത്രത്തിന്റെ ചവറ്റുകൊട്ടയിലായി.)

↑6. ഫെബ്രുവരി, 2000

↑7. ഇപ്പറഞ്ഞ പ്രകാരം കാര്യങ്ങൾ നടന്നില്ല. പതിനേഴ് വർഷങ്ങൾക്കു ശേഷം 2016-ൽ സി. വി. രാധാകൃഷ്ണൻ മുൻകൈയെടുത്ത് തിരുവനന്തപുരത്ത് ‘രചന ഇൻസ്റ്റിറ്റ്യൂറ്റ് ഓഫ് ടൈപോഗ്രാഫി’ സ്ഥാപിച്ചു.

↑8. ഡാറ്റാബേസും അകാരാദിക്രമവും യൂണികോഡിന്റെ വരവോടെ സഫലമായി. സ്പെൽചെക്കർ ഇപ്പോഴും വിദൂരമായി നില്ക്കുന്നു.

പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളോ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നതു്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നതു്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയതു്. അതുകൊണ്ടു് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <info@sayahna.org>.
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്കോ, ഈ വെബ് പേജിൽ കമ്മന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.